വ്യാജസ്വർണ്ണക്കടത്തുകാരനെപിടികൂടി

മധുര, ജനു. 18

35,000 രൂപ വിലവരുന്ന 30 കട്ട വ്യാജസ്വർണ്ണം തീതൂട്ടി ജംഗ്ഷനിൽ വെച്ച് ഒരുയാത്രക്കാരനിൽനിന്നും പോലീസ് സൂപ്രണ്ടിന്റെ പ്രത്യേകസംഘം പിടിച്ചെടുത്തിരിക്കുന്നു. ഇന്നലെയാണ് ജില്ലയിലെ മാന്തോപ്പ് ഗ്രാമക്കാരനായ കറപ്പയ്യയെന്നയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (പി. ടി. ഐ)

Reg. No K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. :: *Managing Editor:* B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ കുറിക്കട്ട്

	പോസ്റ്റേജ്	വാരാന്ത്യപതിപ്പ് ഉൾപ്പെടെ
ഒരു കൊല്ലത്തേക്ക്	27.00	6.00
6മാസത്തേക്ക്	13.50	3.00
3മാസത്തേക്ക്	6.75	1.50
ഏജൻറുമാർവഴി ഒരു മാസത്തേക്ക്		
വാരാന്ത്യപതിപ്പ് മാത്രം		.10
കാറ്റലോഗ്	00.75	00.10

മാനേജർ

പുസ്തകം 12 | ലക്കം 19 | 1965 ജനുവരി 20 ബുധൻ തൃശ്ശൂർ | വില 7 നയാപൈസ | പേജ് 4

493000ലക്ഷം ഡോളറിന്റെ പ്രതിരോധ ബഡ്ജറ്റ്

ചർച്ചിൽ

(റോയിട്ടർ) ലണ്ടൻ ജനു. 19

കഴിഞ്ഞ രാത്രി ചർച്ചിൽ അസ്വസ്ഥനായിരുന്നുവെന്നും, അദ്ദേഹത്തിന്റെ സ്ഥിതി വഷളായിക്കൊണ്ടിരിക്കുകയാണെന്നും, ചർച്ചിലിന്റെ ഡോക്ടർ മോറൻപ്രഭു ഇന്നു കാലത്ത് പ്രസ്താവിച്ചു. ഇന്നു് ഉച്ചക്ക്മുമ്പായി മരാഠാരാജ്യമെഡിക്കൽ ബുള്ളറിന്റെ പുറപ്പെടുവിക്കുന്നതായിരിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്നു് പ്രഭാതമാകുന്നതിനുമുമ്പുതന്നെ മോറൻപ്രഭു ചർച്ചിലിന്റെ വസതിയിലെത്തി. അദ്ദേഹം അവിടെ എത്തിയതിനുശേഷം ചർച്ചിലിന്റെ കിടപ്പ് മുറിയിലെ വിളക്കണഞ്ഞുകത്തുന്നു അയൽവാസികൾ പറഞ്ഞു. കാര്യം അതുപന്തിയല്ലെന്നു് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. ചർച്ചിൽ മരണത്തിലേക്ക് വഴുതിവീണുകൊണ്ടിരിക്കുകയാണെന്നുള്ള വിശ്വാസത്തിനു് ശക്തിപകർന്നുകൊണ്ടിരിക്കുന്നു. ചർച്ചിലിന്റെ മക്കളും, പേരക്കിടാങ്ങളും ചർച്ചിലിനെ ഇതുവരെ ഭാതന്ത്രസന്ദർശിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

....

വ്യവസായം ആരംഭിക്കുന്നതിനുമുമ്പ് ആരോഗ്യവകുപ്പുമായി ആലോചിക്കണം

(പി ടി ഐ)

തിരുവനന്തപുരം ജനു: 18

പൊതുസ്വകാര്യമേഖലകളിൽ ഏതെങ്കിലും വ്യവസായവും ആരംഭിക്കുന്നതിനു് മുമ്പായി പൊതു ആരോഗ്യവകുപ്പുമായി ആലോചിക്കണമെന്നു് ഗവണ്മെന്റിന്റെ ഒരു ഉപദേശം അറിയിപ്പിൽ പറയുന്നു. വ്യവസായികളിൽനിന്നും, അതുപോലുള്ള മറ്റുള്ളവരിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിനുശേഷമാണു് ഈ തീരുമാനം കൈക്കൊണ്ടിരിക്കുന്നതു്. ഈ തീരുമാനം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണു്.

കെന്നഡിയെ കൊന്നതു് ജോൺസനോ?

ഇതു പാഞ്ഞ ഒരു അസംബന്ധം

(റോയിട്ടർ] കോസ്മോസ്ക്യൂറ്റി

ഡള്ളാസ് ജനു. 19

പ്രസിഡണ്ടു് ജോൺസനെ വധിക്കുമെന്നു് 58 വയസ്സുള്ള ഒരു സെയിൽസ്മാൻ കഴിഞ്ഞ ജൂലൈയിൽ ഭീഷണിപ്പെടുത്തുകയുണ്ടായെന്നു് എഫ്ബിഐ അധികൃതർ വെളിപ്പെടുത്തിയിരിക്കുന്നു. പ്രസിഡണ്ടു് ജോൺസനെ വധിച്ചതു് പ്രസിഡണ്ടു് ജോൺസൺതന്നെയാണെന്നു് ഇയാൾ വിശ്വസിക്കുന്നുണ്ടെന്നും ഇയാൾ പറഞ്ഞു. സ്വാതന്ത്ര്യം വെച്ചുകൊണ്ടിരുന്നതു് തന്റെ ഇഷ്ടത്തിനുവിരുദ്ധമായ എതിർക്കുന്നതിനാണ് തന്റെ വിമർശകരോടു് അന്നു് രാജാജി പറയുകയുണ്ടായി, ഇതേ സ്വാതന്ത്ര്യലക്ഷ്യത്തെ ഇന്നു് രാജാജിയുടെ പേരിലും ഉന്നയിക്കാവുന്നതാണു്.

ഇന്നലെ വരുന്ന റിപ്പബ്ലിക് ദിനമായ ജനുവരി 26 ഒരു'വലുപദിന'മായി ആചരിക്കാനുള്ള ദ്രാവിഡമുന്നേറ്റകഴകത്തിന്റെ തീരുമാനം ബാലിശമാണെന്നും, റിപ്പബ്ലിക്ക് ദിനംപോലെയുള്ള ദേശീയാഘോഷങ്ങളിൽ ഇത്തരം പ്രക്ഷോഭണങ്ങളും നടത്തുന്നതിനെ പൊതുജനങ്ങളും അപലപിക്കണമെന്നും കാമരാജ് പറഞ്ഞു. റിപ്പബ്ലിക് ദിനം ഒരു വിലാപദിനമായി തിരഞ്ഞെടുത്തവർ ദേശവഞ്ചകരാണു്. കൂടുതൽ ഉത്സാഹപ്രകടനത്തെയോടും ഉജ്ജീവസ്ഥലത്തെയോടുകൂടി ഇക്കൊല്ലം റിപ്പബ്ലിക്ക് ദിനം ആഘോഷിക്കുവാൻ അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. ആയിരക്കണക്കിനു് ദേശീയ പതാകകളുടെ മുമ്പിൽ വിലാപക്കൊടികളും കരിങ്കൊടികളും നിഷ്പ്രഭമായിത്തീരണം.

ഇന്നലെ തിരുച്ചിറപ്പള്ളിയിൽവച്ചു് സ്വി. രാജഗോപാലാചാരി ഉൽഘാടനം ചെയ്ത തമിഴ്നാട് ഹിന്ദി വിരുദ്ധസമ്മേളനത്തെ പരാമർശിച്ചുകൊണ്ടു്, മദ്ധ്യരാശിയിലെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ താൻ ഇവിടത്തെ സ്കൂളുകളിൽ ഐച്ഛികമായി ഹിന്ദി ഏർപ്പെടുത്തിയതു് രാജാജിയാണെന്നു് കാമരാജ് പറഞ്ഞു. സ്വാത്മാർത്ഥ്യം വെച്ചുകൊണ്ടാണു് തന്റെ ഇന്നത്തെ എതിർക്കുന്നതെന്നു് തന്റെ വിമർശകരോടു് അന്നു് രാജാജി പറയുകയുണ്ടായി, ഇതേ സ്വാത്മലക്ഷ്യത്തെ ഇന്നു് രാജാജിയുടെ പേരിലും ഉന്നയിക്കാവുന്നതാണു്.

ഇന്നലെ 26 മുതൽ എല്ലാ കേന്ദ്രഗവണ്മെന്റ് കത്തിടപാടുകളിലും ഇംഗ്ലീഷിനോടൊപ്പം ഹിന്ദിയും ഉപയോഗിക്കണമെന്നു് കാമരാജ് വിശദീകരിച്ചു. ഇതിനെതിരെ പിന്നിൽ ഒരുദ്ദേശങ്ങളൊന്നുമില്ല. ഞാൻ ഹിന്ദിക്കാരുടെ മേൽ ഹിന്ദി അടിച്ചേൽപ്പിക്കുന്നു പ്രശ്നവുമില്ല.

ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു കാമരാജ്.

—0—

പ്രസിഡണ്ടു് ജോൺസൺ അവതരിപ്പിക്കുന്ന

പുതിയ മിസ്സയിലും 750 പേരെ കയറ്റാവുന്ന വിമാനവും നിർമ്മാണത്തിൽ

[എ. എഫ്. പി] *വാഷിംഗ്ടൺ, ജനു. 18*

65-66ലേക്കായി 4,93,000 ലക്ഷം ഡോളറിന്റെ ഒരു പ്രതിരോധ ബഡ്ജറ്റാണു് പ്രസിഡണ്ടു് ജോൺസൺ അവതരിപ്പിക്കുന്നതു്.

കഴിഞ്ഞ ബഡ്ജറ്റിനേക്കാൾ 20000 ലക്ഷം ഡോളർ കൂടുതലാണിതു്. ജനുവരി 25നു് ഈ പുതിയ ബഡ്ജറ്റ് കോൺഗ്രസ്സിനു സമർപ്പിക്കുന്നതാണു്. ഒരു പുതിയ തരത്തിലുള്ള ബാലിസ്റ്റിക്ക് മിസ്സയിലും, 750 യാത്രക്കാരെ കയറ്റാവുന്ന കൂറ്റൻ വിമാനവും നിർമ്മിക്കുമെന്നു് പ്രസിഡണ്ടു് ജോൺസൺ പറഞ്ഞു.

സ്വന്തം ആയുധശക്തികൊണ്ടു് ലോകസമാധാനത്തെ സുരക്ഷിതമാക്കുവാൻ അമേരിക്ക കരുതുന്നുവെന്നു് കോൺഗ്രസ്സിനയച്ച ഒരു സന്ദേശത്തിൽ ജോൺസൺ വ്യക്തമാക്കി. ലോകത്തിൽ വെച്ചേറ്റവും ശക്തിയുള്ള ഒരുസൈന്യത്തെ ഏറ്റവും ചുരുങ്ങിയ വിലവിൽ നിലനിർത്തുവാനാണു് അമേരിക്ക ഉദ്ദേശിക്കുന്നതു്. പുതിയ ബാലിസ്റ്റിക്ക് മിസ്സയിൽ 'പോസിഡോൺ' 'പോളാറിസ്' മിസ്സയിലിനേക്കാൾ ഇരട്ടി ശക്തിയുള്ളതായിരിക്കും. അണ്ടർവാഹിനികപ്പലുകളിൽനിന്നും ഈ മിസ്സയിൽ പ്രയോഗിക്കാം. 750 യാത്രക്കാരെ വഹിക്കുവാൻ കഴിയുന്ന പുതിയ വിമാനം യുദ്ധോപയോഗത്തിനുപുറമെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം കുറിക്കും. അത്യാധുനികമായ ഇലക്ട്രോണിക്സ് സേനയുടെ ഗതി വേഗവും വർദ്ധിക്കുന്നു.

വിയറ്റ്നാമിലുള്ള അമേരിക്കൻസൈന്യങ്ങളെ ശക്തരാക്കുമെന്നു് മാക്നമാരയും ജോൺസൺ പറഞ്ഞു. നാറ്റോ ആക്രമണത്തിനെതിരായ ശക്തിയായ ഒരു കവചമാണെന്നു്. തെക്കുകിഴക്കൻ ഏഷ്യയിലെ അമേരിക്കൻ പരിപാടിക്ക് യാതൊരു മാറ്റവുമില്ല.

—

യന്ത്രോപകരണ ഫാക്ടറി പാലക്കാട്

[പി ടി ഐ) മോസ്കോ, ജനു 19

യന്ത്രോപകരണങ്ങൾ നിർമ്മിക്കുന്ന ഒരു ഫാക്ടറി പാലക്കാട്ടു് സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനുള്ള പ്ലാൻ ഉണ്ടാക്കിയിട്ടുള്ളതു് ബെനിൻഗ്രാഡിലാണു്.

500,000 സ്പിൻഡിലുകൾ,100,000 തരം ഉപകരണങ്ങൾ എന്നിവ വർഷാന്തം ഈ ഫാക്ടറിയിൽനിന്നു് ഉല്പാദിപ്പിക്കപ്പെടും.

....

അവിടെ ഐക്യമുന്നണി ആയി

(പി ടി ഐ) കല്യാത്ത, ജനു. 19

കമ്യൂണിസ്റ്റ്പാർട്ടിയുടെ ഇരുവിഭാഗങ്ങളുടേയും പടിഞ്ഞാറൻ ബംഗാളിലെ 8 ഇടതുപക്ഷപാർട്ടികളുടെ പ്രതിനിധികളും ചേർന്നു് കല്യാത്ത മുൻസിപ്പൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു ഒരു ഐക്യമുന്നണി ഉണ്ടാക്കിയിരിക്കുന്നു. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ആണ് ഈ തെരഞ്ഞെടുപ്പ് നടക്കുന്നതു്.

എസ് എസ് പി യും ഫോർവേഡ് ബ്ലോക്കും ഈ മുന്നണി രൂപീകരണത്തിൽ പങ്കെടുത്തില്ല. ഐക്യമുന്നണിയുടെ കൺവീനർ ആർ എസ് പിക്കാരനാണു്.

—

മാർപ്പാപ്പാ പൊന്തിഫിക്കൽ അക്കാഡമിയിൽ

(റോയിട്ടർ) റോം ജനു. 18

വത്തിക്കാനിലെ ഭാവി നയതന്ത്രജ്ഞർക്ക് പരിശീലനം നൽകുന്ന പൊന്തിഫിക്കൽ അക്കാഡമി പോൾ മാർപ്പാപ്പാ തിരുമേനി കഴിഞ്ഞ രാത്രി സന്ദർശിക്കയുണ്ടായി. 40 വയ്ക്കുമുമ്പ് മാർപ്പാപ്പാ ഇവിടത്തെ ഒരു വിദ്യാർത്ഥിയായിരുന്നു. അന്നു് കാറോടിച്ചിരുന്നതു് ഇപ്പോൾ തന്റെ ആശിക്കുന്നുവെന്നു് വിദ്യാർത്ഥികളോടു് തിരുമേനി പറഞ്ഞു.

ഇവ അക്കാഡമിയിൽ 20 വിദ്യാർത്ഥികളുണ്ടു്. 1921 മുതൽ 1926വരെയായിരുന്ന മാർപ്പാപ്പാ ഇവിടെ ഒരു വിദ്യാർത്ഥിയായി വിലവഴിച്ചിട്ടുണ്ടു്.

പിന്നീടദ്ദേഹം ഇവിടെ ഒരു അദ്ധ്യാപകനായി ജോലിനോക്കുകയുണ്ടായി.

—

ഫയലുകൾമോഷ്ടിക്കപ്പെട്ടിട്ടില്ലെന്നു് നിരൺഡേ

പി ടി ഐ കല്യാത്ത, ജ. 18

ജനുവരി 14-ാംന ഉച്ചകഴിഞ്ഞു് കവർച്ചചെയ്യപ്പെട്ട തന്റെ ഭവനത്തിൽ ഔദ്യോഗിക ഫയലുകളുമുണ്ടായിരുന്നില്ലെന്നു് അഡീഷണൽ സോളിസിറ്റർ ജനറൽ നിരൺഡേ ഇന്നു് പി ടി ഐ യെ അറിയിച്ചിരിക്കുന്നു. ഏതാനും ഇംഗ്ലീഷ് നോട്ടുപുസ്തകങ്ങൾ, സൂചനകൾ എന്നിവ മാത്രമാണു് കവർച്ചക്കാർ എടുത്തുകൊണ്ടു് പോയതായി ഇന്നലെ നൂഡൽഹിയിൽനിന്നും കിട്ടിയ ഒരു റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

—0—

യു. എൻ. കുടിശ്ശിക

(പി ടി ഐ)

ഐക്യരാഷ്ട്രസംഘടനാ ജനു. 19

വോട്ടിങ്ങിനെ സംബന്ധിച്ചു് ഐക്യരാഷ്ട്രസമ്മേളനം അനുശാസിക്കുന്ന കുറഞ്ഞപക്ഷം അംഗരാഷ്ട്രങ്ങൾ അതേരീക്കയിലേക്ക് അയയ്ക്കുവാൻ കംബോഡിയക്കാർ ശരിപ്പെടുത്തിവെച്ചുവെന്നാണു് പത്രങ്ങൾ പറയുന്നതു്.

-0-

സ്വർണ്ണത്തൊഴിലാളികളുടെ ഉൽഘനം അപേക്ഷകം ക്ഷണിക്കുന്നു

തൃശ്ശൂർ, ജനു. 19

സ്വർണ്ണനിയന്ത്രണം മൂലം തൊഴിൽരഹിതരായിട്ടുള്ള സ്വർണ്ണത്തൊഴിലാളികളുടെ ക്ഷേമത്തിനു് നാകം ഉതകുന്നതായ ''നേൺഫാസ്റ്റ്'' ലോഹങ്ങളുടെ ഉപയോഗിച്ചു് തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ അവരുടെ വേണ്ട പ്രൊപ്പോസൽ, നാകം, മുതലായ ലോഹങ്ങൾക്കുള്ള അപേക്ഷകൾ ജനുവരി 25-നു് മുമ്പായി ജില്ലാ വ്യവസായ ഓഫീസർക്ക് ലഭിക്കത്തക്കവിധം അയച്ചിരിക്കേണ്ടതാണെന്നു് തൃശ്ശൂർ ജില്ലാ വ്യവസായ ഓഫീസർ അറിയിച്ചിരിക്കുന്നു.

....

ഭാര്യാഘാതകൻ പൊല്ലീസിൽ നേരിട്ട് ഹാജരായി

(സ്വ ലേ) തൃശ്ശൂർ ജനുവരി 19

വെളുപ്പായ്യൂർതുള്ളുള്ള തങ്കമ്മുറ്റി എന്ന സ്ഥലത്തെ മാധവൻ എന്നു പേരായ ഒരാൾ ഇന്നലെ രാത്രി സ്വന്തം ഭാര്യയെ വെട്ടിക്കൊലപ്പെടുത്തിയിരിക്കുന്നു. ഘാതകൻ ഇന്നുരാവിലെ സ്വമേധയാ കസ്റ്റഡി പൊല്ലീസ് സ്റ്റേഷനിൽ ഹാജരാകുകയുണ്ടായി. പൊല്ലീസ് ഘാതകനേയും കൂട്ടിക്കൊണ്ടു് ഇന്നു് സംഭവസ്ഥലത്തു പോകുകയും സംഭവത്തെക്കുറിച്ചു നോട്ടു് അന്വേഷണം നടത്തിയശേഷം ഒരു കേസ്സു് ചാർജ്ജു് ചെയ്യുകയും ചെയ്തു.

....

അണുശക്തിനിലകൾ സ്ഥാപിക്കുന്ന പദ്ധതി

ഉപേക്ഷിക്കണമെന്നും പടിഞ്ഞാറൻ ജർമ്മനിയോടു് റഷ്യ

(എ. എഫ്. പി) മോസ്കോ, ജനു. 19

കിഴക്ക്-പടിഞ്ഞാറൻ രാജ്യങ്ങളുടെ അതിർത്തികളിൽ അണുശക്തിനിലകളുടെ ഒരു ബെൽട്ട് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിനെതിരെ സോവിയറ്റ് യൂണിയൻ പടിഞ്ഞാറൻ ജർമ്മനിയോടു് പ്രതിഷേധിച്ചിരിക്കുന്നു.

ഈ പദ്ധതി തള്ളിക്കളയണമെന്നു സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പത്രമായ പ്രാവ്ദ ആവശ്യപ്പെടുന്നു. അതിനും മുമ്പുതന്നെ സോവിയറ്റ് എതിർനടപടികളും സ്വീകരിക്കുമെന്നു ഭീഷണിപ്പെടുത്തിയിട്ടുണ്ടു്.

യു. എൻ. കുഴപ്പത്തിനു് പരിഹാരം വേണമെന്നു് ഉതാണ്ടു്

(എ എഫ് പി) ന്യൂയോർക്ക്, ജ. 19

ഐക്യരാഷ്ട്രസംഘടനാ അഭിമുഖീകരിക്കുന്ന സാമ്പത്തിക കുഴപ്പത്തിനു് ഒരു പരിഹാരമുണ്ടാക്കുവാൻ എല്ലാ അംഗരാഷ്ട്രങ്ങളും സഹകരിക്കണമെന്നു് സിക്രട്ടറി ജനറൽ ഉതാണ്ടു് പൊതുസഭയുടെ നാലാമത്തെ പ്രത്യേകസമ്മേളനത്തിൽ പ്രസ്താവിച്ചു. സംഘടനാ കായ്ക്ഷമമായ അന്താരാഷ്ട്രീയ പ്രവർത്തനത്തിനു് പ്രാപ്തമായി നിലനിന്നെങ്കിൽ ഏതാനും അംഗങ്ങളുടെ ഒരുത്തരവാദിത്വമാത്രം പോര.

ഈ സാമ്പത്തികക്കുഴപ്പം പരിഹരിക്കണമെന്നു് ആഗ്രഹമുണ്ടെങ്കിൽ അതിനൊരു ഫോർമുല കണ്ടുപിടിക്കുവാൻ വിഷമമില്ലെന്നു് അദ്ദേഹം പറഞ്ഞു.

....

ലൂതർ കിങ്ങിനെ ഒരു ഒറ്റയാൾക്കോമരം ആക്രമിച്ചു

[എ. എഫ്. പി.]

സെൽമ, അലബാമ ജനു. 19

സമാധാനത്തിനുള്ള നോബൽസമ്മാനം നേടിയ നീഗ്രോ നേതാവു് ഡോക്ടർ മാർട്ടിൻ ലൂതർ കിങ്ങിനെ ഒരു വെള്ള തീപ്പണ്ടാരി ഇന്നലെ ആക്രമിച്ചതായി സ്ഥലത്തെ പോലീസ് വെളിപ്പെടുത്തി. ഇന്നലെ ജനക്കൂട്ടത്തിനുനേരെ നടത്തിയ പ്രസംഗത്തിലാണ് വെള്ളക്കാരനായ ആക്രമണത്തിനു് വിധേയനായതു്. ഡോക്ടർ കിങ്ങും നാലിയിലും കിങ്ങിനും ഇടികൊണ്ടു.

—

കോപം കൃഷ്ണപ്പിള്ളയുണ്ടാക്കിയ കഴപ്പ്

(റോയിട്ടർ)

ഫോട്ടൻഹേഗൻ, ജനു. 18

സോവിയറ്റ് രാഷ്ട്രീയരംഗത്തുനിന്നുള്ള കൃഷ്ണപിള്ളയുടെ അന്തർധാനത്തെപ്പറ്റിയുള്ള ഒരു റിപ്പോർട്ട് കോപ്പൻഹേഗൻ പത്രമായ 'എക്സ്പ്രസ്സാ'ണു് പ്രസിദ്ധീകരിച്ചിരിക്കുന്നു.

കൃഷ്ണപിള്ളയെ ഉയരുന്ന സങ്കടം പിച്ചു ഒരാറാസുഹൃത്തു് വെളിപ്പെടുത്തിയതായാണിതു്.

ഈ റിപ്പോർട്ടനുസരിച്ചു് കൃഷ്ണപിള്ളയുടെ ജനപ്രീതിയല്ല; കോപാവേശംവന്നപ്പോൾ സ്വയം ഉള്ളിച്ചുണ്ടി ഇറങ്ങിപ്പോയതാണു്. സോവിയറ്റ് പ്രീസീഡിയം കക്ഷിമായി വിമർശിച്ചപ്പോൾ കൃഷ്ണപിള്ള ആത്മഹത്യചെയ്തു് അദ്ദേഹം പുറത്തിറങ്ങിപ്പോരികയാണുണ്ടായതു്. ഇതിപ്പോൾ, ഡെന്മാർക്ക് തുടങ്ങിയ രാഷ്ട്രങ്ങളിൽ നടത്തിയസന്ദർശനവേളയിൽ കൃഷ്ണപിള്ള ചെയ്തുപോയ പ്രസംഗങ്ങളായിരുന്ന പ്രീസീഡിയത്തിന്റെ കടുത്തവിമർശനത്തിനു് പാത്രമായതു്.

ഈ നിഗ്ഗ്രഹസമ്മേളനത്തിൽവെച്ചു് പ്രസീഡണ്ടിന്റെ നാസ്സറിനെവരെ ഗ്രാമഭാഷചെയ്യുവാനും സോവിയറ്റ് യൂണിയനെതിരെ പോരാടിക്കൊണ്ടിരിക്കുന്ന ഇന്തോനേഷ്യയുടെ പ്രസിഡണ്ടിന്റെ സുകർണ്ണോയെവരെ കൃഷ്ണപിള്ള പുകഴ്ത്തിയതാണു് കുഴപ്പമുണ്ടാക്കിയതു്. കൃഷ്ണപിള്ളയുടെ ഈ പ്രസ്താവനകൾ സോവിയറ്റ് ഭരണകക്ഷിയുടെ നയത്തിനു് വിരുദ്ധമായിരുന്നുവത്രെ.

കൃഷ്ണപിള്ളയുടെ ഈ പ്രസ്താവനകൾ ഇന്തോനേഷ്യയിലെ കമ്മ്യൂണിസ്റ്റുകാരെ ഒന്നാകെ ഇളക്കിമറിച്ചിരുന്നു. ഇന്തോനേഷ്യൻ കമ്മ്യൂണിസ്റ്റുകാരുടെ ഇടയിൽ കൃഷ്ണപിള്ളയുടെ പ്രസ്താവനകൾ ഒരു വിഭാഗത്തിനു് ഉത്സാഹവും മറുവിഭാഗത്തിനു് കോപവും ഉണ്ടാക്കിയതായി റിപ്പോർട്ടിൽ പറയുന്നു.

കൃഷ്ണപിള്ളയുടെ ഈ പ്രസ്താവനകൾ സോവിയറ്റ് ഭരണകക്ഷിയുടെ നയത്തിനു് വിരുദ്ധമായിരുന്നുവെന്നു് പറയുന്നതിനുപുറമെ കൃഷ്ണപിള്ള ചൈനയുടെ ഭാഗത്തുനിന്നു് ചില പ്രലോഭനങ്ങൾക്കു വിധേയനായിരുന്നുവെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.

ഓടിച്ചിട്ട് തല്ലി

ധൻബാദ്, ജനു. 19

ഇവിടെ അടുത്തുള്ള നിയ്പ്പുർ കൽക്കരി സംഭരണകേന്ദ്രം150 ഓളം തൊഴിലാളികൾപേർന്ന് ഇന്നലെ ആക്രമിക്കുകയും ഓഫീസ് കേന്ദ്രം തകർക്കുകയും ചെയ്തു. അവിടെയുള്ള സ്റ്റോർകീപ്പറായും, അയാളുടെ ചില സുഹൃത്തുക്കളേയും ഒരു നാഴിക യോളം ഓടിച്ചു് തൊഴിലാളികൾ തല്ലി, ഇങ്ങനെ യുണിയൻ സിക്രട്ടറിക്കും തല്ലുകൊണ്ടു. കൽക്കരി സംഭരണകേന്ദ്രം ഉടമയുടേയും പേരുടേയും പരിക്ക് ഗുരുതരമാണ്. അവരെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

ഒരു മതഗുരുവിലാളി നേതാവടക്കം 5പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

(പി ടി ഐ)

കാമരാജിന്റെ പ്രസ്താവന

(പി ടി ഐ) മദിരാശി, ജനു 18

ഭക്ഷ്യധാന്യവ്യാപാരത്തിനുള്ള നിയന്ത്രണം കൂടുതൽ കർക്കശമാക്കുന്നില്ലെന്നുള്ളതാണ് ഗവണ്മെന്റിനെതിരായ തന്റെ പരാതിയെന്നു് കോൺഗ്രസ്സ് പ്രസിഡണ്ടു് കാമരാജ് ഇന്നു വിടവാങ്ങിച്ചു് പ്രസ്താവിച്ചു.

ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇപ്പോഴത്തെ കൊയ്ത്തു ശരിക്കും തിരിയുന്നതുവരെ ഭക്ഷ്യധാന്യത്തിന്റെ വിലയിടഞ്ഞുവീഴുവാൻ ഒരു ധാന്യസ്റ്റോക്ക് ഉണ്ടാക്കിയില്ലെങ്കിൽ ഇതു വർഷാവസാനത്തോടുകൂടി ക്ഷാമപ്രശ്നം കൂടുതൽ ഗുരുതരമാകുമെന്നു് കാമരാജ് മുന്നറിയിപ്പു നൽകി. കുടുംബമായ ഒരു സ്വാതന്ത്ര്യമായി വിട്ടാൽ അവർപറയുന്ന വിലക്ക ധാന്യങ്ങൾ വിലക്കുവാങ്ങേണ്ടിവരും. കാര്യക്ഷമമായ നിയന്ത്രണം ഏർപ്പെടുത്തിയശേഷമേ ഇത്തരം ഒരു സ്ഥിതിവിശേഷം ഒഴിവാക്കാൻ കഴിയൂ.

....

"എഴുതപ്പെട്ടത് എഴുതപ്പെട്ടതുതന്നെ"

ഇടതുപക്ഷവുമായുണ്ടാക്കിയ ജനാധിപത്യൈക്യധാരണകൾക്ക് ഇളക്കംതട്ടാൻ സമ്മതിക്കില്ലെന്നു് ഇ. എം. എസ്.

(സ്വ ലേ) തൃശ്ശൂർ ജന. 19

സംസ്ഥാനത്തുപകമായി കമ്മ്യൂ. പാർട്ടി (ഭൂരി), എസ്. എസ് പി, ലീഗ്, കെ. ടി. പി. പാർട്ടികളുമായി ഉണ്ടാക്കിയിട്ടുള്ള ധാരണകളേയും മത്സരിർപ്പുകളേയും ഇളക്കുന്നതോ തകർക്കുന്നതോ ആയ യാതൊരു സംഭാഷണങ്ങൾക്കും നിൽക്കുപോകുകയും ഇരു കമ്മ്യൂ. പാർട്ടി തയ്യാറാകുന്നതല്ലായെന്നും ഇ. എം. എസ്. ഇന്നിവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു.

"ശ്രീകോണമത്സരം ഒഴിവാക്കാൻവേണ്ടി ഇടതുപക്ഷ ഐക്യമുന്നണിയും എസ്. എസ്. പിയും ഇടതു കമ്മ്യൂ: പാർട്ടിയും തമ്മിൽ എന്തെങ്കിലും ധാരണയിലെത്തുന്നതിനെ പ്രക്ഷുബ്ധമാക്കുവാനുള്ള സംഭാഷണങ്ങളും നടന്നുവരികയാണ്" എന്നു ആർ. എസ്. പിനേതാവ് ശ്രീകണ്ഠൻനായരുടെ പ്രസ്താവന കയ്യാറാ ഇ. എം. എസിന്റെ പ്രതികരണം ആരാഞ്ഞപ്പോളാണ് ഈ പ്രസ്താവന ചെയ്തതു്. എന്നാൽ ഞങ്ങളും മറ്റുപാർട്ടികളുംതമ്മിലുണ്ടാക്കിയ ധാരണയുടെയും ഒത്തുതീർപ്പിന്റെയും അടിസ്ഥാനത്തിൽ കൊടുങ്ങല്ലൂർ നിന്നുകൊണ്ട് ജില്ലാ നിലവാരത്തിൽ സ: ശ്രീകണ്ഠൻനായരുടെ അഭിപ്രായം പരിഗണിക്കാനോ ഞങ്ങൾക്ക് വിരോധമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

—

നാഗർകോവിൽ വെടിവെപ്പിൽപെട്ട പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ശിക്ഷ

(പി ടി ഐ) മദ്രാസ് ജനു. 19

കഴിഞ്ഞ ഡിസംബർ രണ്ടിനു് നാഗർകോവിലിൽവെച്ച് വിദ്യാർത്ഥികളുടെനേരെ നടന്ന വെടിവെപ്പിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഡിപ്പാർട്ടുമെന്റൽ ശിക്ഷ നൽകുന്നതിനെന്നു് മദ്രാസ് മുഖ്യമന്ത്രി ഭക്തവത്സലം ഇന്നു് നിയമസഭയിൽ പ്രസ്താവിച്ചു. പോലീസ് സബ്ബ് ഇൻസ്പെക്ടർ വേലുസ്വാമിയുടെ കൊള്ളുന്നതാണു് വെടിവെപ്പിനു് മുഴുവൻ കാരണമായതു്. കോൺസ്റ്റബിൾ തങ്കപ്പൻ വെടിവെച്ചതു് മേലുദ്യോഗസ്ഥന്മാരുടെ അനുവാദംകൂടാതെയാണ്. ഡി എസ് പി യും, എസ് പി യും അവരുടെ കർത്തവ്യം ശരിക്ക് നിർവ്വഹിച്ചിട്ടില്ല.

സബ്ബ് ഇൻസ്പെക്ടർ വേലുസ്വാമിയേയും, കോൺസ്റ്റബിൾ തങ്കപ്പനേയും സസ്പെണ്ട് ചെയ്തിട്ടുണ്ട്. ഡി എസ് പി യേയും, എ സ് പി യേയും സ്ഥലം മാറ്റിയിട്ടുണ്ട്.

സാന്ത്ഫേസിങ്ങ് ഗ്രൂപ്പിനു് വമ്പിച്ച വിജയം

[പി ടി ഐ] ചാന്തിഗഡ് ജനു. 18

ശിരോമണി ഗ്രന്ഥശാല പ്രബന്ധകകമ്മറ്റിയിലേയ്ക്കു് നടന്ന തിരഞ്ഞെടുപ്പിൽ സാന്ത്ഫേത്തസിങ്ങ് ഗ്രൂപ്പ് വമ്പിച്ച ഭൂരിപക്ഷം നേടിയിരിക്കുന്നു.

ഈ വിജയം മൂലം അമ്പതു് വർഷത്തേക്ക് പഞ്ചാബിലെ സിക്കുകാരുടെ 175 ചരിത്രപ്രധാനമായ ആരാധനാസ്ഥലങ്ങളുടെ നിയന്ത്രണം ഇവർ കരസ്ഥമാക്കി. ആകെയുള്ള 130 സീറ്റിൽ 90 സീറ്റാണു് ഇവർക്കു് കിട്ടിയതു്. താരാസിങ്ങ് ഗ്രൂപ്പിനു് 34 സീറ്റും സ്വതന്ത്രന്മാർക്കു 6 സീറ്റും ലഭിച്ചു.

—

അണ്വായുധ പരിപാടിയുമായി ചൈന നീങ്ങിയാൽ

ഇന്ത്യ ബോംബുണ്ടാക്കുന്നതിനു് എതിർപ്പുണ

തൊഴിലാളി

പ്രസിദ്ധീകരണം 90
ജലസേചനം 125
പ്രത്യേതിപാദനം തുടരുന്നു 455

1965 ജനുവരി 20 തീയതി ബുധൻ

കേരളത്തിലെ തിരഞ്ഞെടുപ്പ്

....o....

II

നാട്ടിലെ ബുദ്ധിജീവികളിൽ ജനാധിപത്യത്തിൽ ആശയവും ആദരവും വളർത്താൻ സാധിച്ചതാണ് ഒരു മഹത്തായ നേട്ടം. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങൾക്കും ഇന്നും വിദ്യാഭ്യാസം ലഭിച്ചിട്ടില്ല എന്നതിനാൽ ജനാധിപത്യത്തിന്റെ മഹത്തായ ആശയങ്ങൾ അവർക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ജനാധിപത്യത്തിന്റെ പ്രവർത്തനത്തിനു വേണ്ടിവരുന്ന ചെലവും വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ ജനാധിപത്യത്തിന്റെ പ്രവർത്തനം ഏറ്റവും ചെലവു കുറഞ്ഞതാക്കുവാൻ നാം ശ്രമിക്കണം. ഇന്ത്യയിൽ ഇന്നു നിലവിലുള്ള തിരഞ്ഞെടുപ്പു സമ്പ്രദായം ഏറ്റവും ചെലവുകൂടിയതാണ്. ഇതിനു പകരം ഏറ്റവും ചെലവു കുറഞ്ഞ ഒരു സമ്പ്രദായം ഏർപ്പെടുത്തുവാൻ കഴിയുമോ എന്നു നാം ആലോചിക്കണം. ഇതിനുള്ള ഒരു മാർഗ്ഗം ഇപ്പോൾ നിലവിലുള്ള ഒറ്റ അംഗത്തിനു പകരം ഒന്നിലധികം അംഗങ്ങളെ തിരഞ്ഞെടുക്കുന്ന ഒരു സമ്പ്രദായം ഏർപ്പെടുത്തുകയാണ്. ഇതിനു പകരം ഒരു പാർട്ടിക്കു ലഭിക്കുന്ന വോട്ടിന്റെ അനുപാതത്തിൽ അവർക്കു സീറ്റുകൾ നൽക

എ. കെ. സി. സി. സംഘടനാമാസം വിജയപ്രദമാക്കുക

തോമസ് മെസ്യാസ്സ്യൂസിന്റെ പ്രസ്താവന

കോട്ടയം, ജന. 19

ശ്രീ. തോമസ് മസ്യാസ്സ്യൂസ് ബി എ എൽ. ടി. പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇങ്ങനെ പറയുന്നു:

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ സംഘടനാ പ്രവർത്തനങ്ങൾക്കും മൂന്നുലക്ഷം ഫണ്ട് പിരിവിനുമായി നിശ്ചയിച്ചിട്ടുള്ള സംഘടനാമാസത്തിന്റെ നാലാംവാരമാണിത്. ഇതിനോടനുബന്ധിച്ചു ചില കാര്യങ്ങൾ അറിയിക്കാനാണ് ഈ കുറിപ്പ് എഴുതുന്നത്:

പ്രചരണമാസം

സംഘടനാമാസം ആചരിക്കേണ്ടതെങ്ങനെയെന്ന് മുൻപ് ഒരു ലേഖനത്തിൽ എഴുതിയിരുന്നു. ഒരിക്കൽകൂടി അത് ആവർത്തിക്കുകയാണ്. 1. എ കെ സി. സി യുടെ സന്ദേശം ഓരോ കത്തോലിക്കാ ഭവനത്തിലും അറിയിക്കുക. 2. എ കെ സി സി യിൽ അംഗങ്ങളെ ചേർക്കുകയും ശാഖകളില്ലാത്തിടങ്ങളിൽ ശാഖകളും രൂപതാ കൗൺസിലില്ലാത്തിടത്ത് രൂപതാ കൗൺസിലും സ്ഥാപിക്കുക. 3 എ കെ സി സി ബുള്ളറ്റിൻ പ്രചരിപ്പിക്കുക. 4. ആളോഹരി പത്തുപൈസയിൽ കുറയാത്ത സംഭാവന ശേഖരിച്ച് മൂന്നുലക്ഷം ഫണ്ടിനെ പരമാവധി വിജയിപ്പിക്കുക.

ഫണ്ട് ശേഖരണം

1. ഫണ്ടുശേഖരണം പൂർത്തിയായാലുടനെ [ജനുവരി 25ന് മുൻപ് തന്നെ] പണവും രസീതുബുക്കുകളും രൂപതാ ഓഫീസിൽ ഏല്പിക്കുക. അതോടൊപ്പം ഒരു ഷീററ കടലാസിൽ ഒരു റിപ്പോർട്ടും തയ്യാറാക്കേണ്ടതുണ്ട്. താഴെ പറയുന്ന കാര്യങ്ങളും അതിൽ വ്യക്തമാക്കിയിരിക്കണം.

1. രൂപത, 2. ഇടവക, 3. ഇടവകയിലെ കത്തോലിക്കാ ജനസംഖ്യ, 5 സംഭാവനത്തുക, 6. ബ. വികാരിയുടെയും ശാഖാ പ്രസിഡന്റിന്റെയും ഫണ്ട് പിരിവ് കമ്മററി പ്രസിഡന്റിന്റെയും ഒപ്പ്.

2. ഫണ്ടുപിരിവിന് വന്നുകൊണ്ടിരിക്കുന്ന സന്ദേശങ്ങൾ സ്റ്റേററ്സെന്ററിൽ കൂടാതെ ഇതുവരെ രസീതുകററകൾ കിട്ടാത്തവർ ആ കുറവ് ഉടൻ പരിഹരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മടക്കികിട്ടിയിട്ടുള്ള രസീതുകൾ നോക്കിയതിൽ വളരെ അപാകതകൾ കാണുന്നു. ചില വിവരങ്ങൾ അതിൽ കാണുന്നില്ല. കണക്ക് ഓഡിററ് ചെയ്യാൻ ഇതൊരു തടസ്സമായിത്തീരും.

ആവശ്യത്തിലധികം രസീതുകൾ കൈവശമുള്ളവർ അതു ഉടനെ മടക്കി ഏല്പിച്ചാൽ കൂടുതൽ ബുക്കുകൾ ആവശ്യപ്പെടുന്നവർക്കുവേണ്ടി അതുപയോഗപ്പെടുത്തുകയും അച്ചടിച്ചിലവ് പാഴാകാതെ സൂക്ഷിക്കുകയും ചെയ്യാൻ സാധിക്കും.

ഏതെങ്കിലും ഇടവകയിൽ രസീതുബുക്കുകൾ കിട്ടിയിട്ടില്ലെങ്കിൽ ഹെഡാഫീസിലേക്ക് എഴുതിയാൽ ബുക്കുകളയക്കും എന്ന് ഒരു മാസംമുമ്പ് ബുള്ളറ്റിനിൽ അറിയിച്ചിരുന്നു. എന്നാൽ ഈ അടുത്ത അവസരങ്ങളിൽ ചില സ്ഥലങ്ങൾ സന്ദർശിച്ചപ്പോഴാണ് ചിലയിടങ്ങളിൽ രസീതുബുക്കുകളോ സർക്കുലറോ, നോട്ടീസോ, ഒന്നും കിട്ടിയിട്ടില്ല എന്നറിയുന്നത്. നമ്മുടെ അനാസ്ഥയെന്നു പൊട്ടിക്കരയാൻ തോന്നിപ്പോയി. എത്ര കാലമാണ് കത്തോലിക്കർ മററുള്ളവരുടെ മുന്നേററത്തിന് ചവിട്ടുപടിയായി കിടക്കേണ്ടത് എന്നു തീരുമാനിക്കാനുള്ള കാലമാണിത്. കേരളത്തിലെ രണ്ടായിരത്തി അഞ്ഞൂറോളം ഇടവകകളിൽ പോസ്റ്റുവഴിയായ ശേഷം ഇതെല്ലാം അയച്ചുകഴിഞ്ഞിട്ട് മാസം ഒന്നായി. ഇനിയെങ്കിലും ഏതെങ്കിലും ഇടവകയിൽ കിട്ടാതെയുണ്ടെങ്കിൽ മടങ്ങുന്ന പോസ്റ്റിൽ ഹെഡാഫീസിലേക്ക് എഴുതണമെന്നപേക്ഷിക്കുന്നു.

N. B. കേരളത്തിലെ എല്ലാ ഇടവകകളിലേക്കും ഓരോ കാർഡ് അയച്ചുവെങ്കിൽ 150 രൂപാ ചിലവാകണം. ഇൻലൻഡോ ബുക്ക് പോസ്റ്റോ ആണെങ്കിൽ 250 രൂപായും ലറററാണെങ്കിൽ 375 രൂപായും ആണ് ചിലവാകുന്നത്. ഒരു ഉദാരമതി പ്രാരംഭച്ചിലവുകൾ വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തെ അസഹ്യമായി ഭാരപ്പെടുത്തുന്നതല്ലാ ആകയാൽ പത്രക്കുറിപ്പുകൾ നിർദ്ദേശങ്ങളായി സ്വീകരിച്ച് പ്രവർത്തിക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

സംഘടനാപ്രവർത്തകരുടെ ലക്ഷ്യം

1. കേരളത്തിലെ എല്ലാ കത്തോലിക്കരും പണ്ഡിതപാമരവ്യത്യാസംകൂടാതെ എ. കെ. സി. സി. യുമായി പരിചയപ്പെടുകയും വൈകാരികമായി ബന്ധപ്പെടുകയും ചെയ്യുക.

2. കേരളത്തിലെ എല്ലാ കത്തോലിക്കരും കത്തോലിക്കാ ചേരിവ്യത്യാസംകൂടാതെ സംഭാവനകൾമൂലം എ. കെ. സി. സി. യുടെ അവകാശികളും രക്ഷിതാക്കളും സ്വന്തക്കാരുമാകുക.

3. കേരളത്തിലെ എല്ലാ കത്തോലിക്കർക്കും എ. കെ. സി. സി. ഫണ്ടുമൂലമുളവാകുന്ന സാമൂഹ്യസംസ്കാരിക സാമ്പത്തികഫലങ്ങൾ ഉളവാക്കുക.

4. എ. കെ. സി. സി. യുടെ ഔദ്യോഗികനാവായ ബുള്ളററിൻ എല്ലാ ഭവനങ്ങളിലും പ്രചരിപ്പിക്കുക.

കാലാവധി നീട്ടൽ

സംഘടനാമാസം കുറെ ദിവസങ്ങൾ കൂടി നീട്ടിയാൽ കൊള്ളാമെന്നു ചിലർ എഴുതുന്നുണ്ട്. അക്കാര്യം വർക്കിംഗ് കമ്മററിയോട് ആലോചിക്കാവുന്നതാണ്. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. സ്വന്തം കാലിൽ നില്ക്കാൻ ശേഷിവന്നിട്ടില്ലാത്ത ഈ 50 കാരി ശിശുവിനെ വളരെ അധികം വ്യയം സഹിച്ച് സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ പ്രസിഡന്റിന്റെ കാലാവധി തീരാൻ ഏതാനും വാരങ്ങൾ കൂടിയേയുള്ളു. അതിനുമുൻപ് അവളെ സ്വയംപര്യാപ്തയാക്കേണ്ടത് ഒരനിവാര്യതയാണ്. തിരഞ്ഞെടുപ്പിന് മുൻപ് ഫണ്ട് ആസ്ഥാനത്തിൽ നിക്ഷേപിച്ച് എ. കെ. സി. സി. സ്വാശ്രയം പര്യാപ്തമായി എന്നുള്ള കൃതാർത്ഥതയോടുകൂടി അദ്ദേഹവും ഇപ്പോഴത്തെ വർക്കിംഗ് കമ്മററിയും ചാർജ്ജ് വിടുന്നതിനും പുതിയ പ്രസിഡന്റിനും കമ്മററിയംഗങ്ങൾക്കും ഉത്സാഹപൂർവ്വം ചാർജ്ജെടുക്കുന്നതിനും സാഹചര്യം സൃഷ്ടിക്കണമെന്നു സവിനയം എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ഇന്ത്യൻ ശാസ്ത്രജ്ഞന് "കൃഷ്ണൻ മെഡൽ"

ന്യൂയോർക്ക്, ജന 18

കൊളംബിയാ സർവ്വകലാശാല വക ഉപരിതലയുള്ള ലമോണ്ട് ജിയോളജിക്കൽ ഒബ്സർവേറ്ററിയിൽ ഒരു സീനിയർ ശാസ്ത്രജ്ഞനായ ഡോ. മാലി കട്ടൻവാനിക്ക്, ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയൻ പ്രതിവർഷം നൽകുന്ന "കൃഷ്ണൻ മെഡൽ" ലഭിച്ചിരിക്കുന്നു. ഈ ബഹുമതി ലഭിക്കുന്ന ആദ്യത്തെ ആളാണദ്ദേഹം.

ഡോ. മാൽവാനി "മറൈൻ ജിയോഫിസിക്സ് (സാമുദ്രഭൗമശാസ്ത്രം) രംഗത്തിൽ ചെയ്തിട്ടുള്ള സവിശേഷ പ്രവർത്തന"ത്തിനാണ് ഈ സമ്മാനം ലഭിച്ചതെന്നു ഇന്ത്യൻ ജിയോഫിസിക്കൽ യൂണിയന്റെ സെക്രട്ടറിയും ഡയറക്ടറുമായ ഡോ. എസ്സ്. ബാലകൃഷ്ണ അയ്യർ അറിയിച്ചിരിക്കുന്നു. 40 വയസ്സിൽ കവിയാത്ത പ്രായമുള്ള ഒരു ശാസ്ത്രജ്ഞനാണ് രണ്ടു വർഷത്തിലൊരിക്കൽ ഈ അവാർഡ് നൽകുന്നത്. ഈ വർഷാവസാനത്തിൽ ഡോ. മാൽവാനിക്ക് ഈ മെഡൽ സമ്മാനിക്കും.

ഡോ. മാൽവാനിയുടെ സ്വരാജ്യം പാക്കിസ്ഥാനാണ്.

ജന്മിക്കുവേണ്ടി സാധു കർഷകനെ മർദ്ദിച്ചു

എടത്വാ പോലീസിന്റെ 'സൽക്രിയ'

എടത്വാ, ജന. 17

എടത്വാ പഞ്ചായത്തു് നാലാംവാർഡിൽ വടക്കേടത്തു് റക്കി ഔസേഫ് എന്ന ഒരു സാധു മനുഷ്യനെ ഒരു ജന്മിയായ ജോസഫ് എന്നയാൾ പോലീസിനെക്കൊണ്ട് ഭീകരമായി മർദ്ദിപ്പിച്ചിരിക്കുന്നു. ഏതോ പ്രശ്നംപാക്കാൻ എടത്വാ പോലീസിനെ കൊണ്ടുവന്നാണത്രെ ഈ 'സൽക്രിയ' നടത്തിയതു്. ഈ മർദ്ദനവിവരം അറിഞ്ഞ പഞ്ചായത്തു പ്രസിഡണ്ടു വിവരമന്വേഷിക്കാൻ സ്റ്റേഷനിൽ ചെന്നപ്പോഴാണ് അവിടത്തെ കാക്കിക്കാപ്പിരികൾ അദ്ദേഹത്തോട് അപമര്യാദയായി പെരുമാറുകയാണുണ്ടായത്. ഈ സംഭവത്തിൽ ഉൽക്കണ്ഠനായ പഞ്ചായത്തു കമ്മററിയംഗം ശക്തമായി പ്രതിഷേധിച്ചു.

ഇതു് സംബന്ധിച്ച് ഡി. വൈ. എസ്. പി. ഇവിടെവന്നു അന്വേഷിച്ചുകൊണ്ട് വിവരം ശേഖരിച്ചു പോയിരിക്കുന്നു.

വൈവാഹികം

മേർളി-ജോസ്

സ്വ. ലേ. ഇരിങ്ങാലക്കുട, ജ. 18

എസ്സ്. മുനിസിപ്പൽ ചെയർമാൻ എം. പി. ഔസേപ്പ് ദേവസ്സിയുടെ പുത്രി മേർളിയും തൃശ്ശൂർ കവലക്കാട്ട് അന്തോണിയുടെ പുത്രൻ ജോയിയും തമ്മിലുള്ള വിവാഹം സെന്റ് മേരീസ് പള്ളിയിൽ വച്ചു സാഘോഷം നടന്നിരിക്കുന്നു. വിവാഹാനന്തരം ദേവസ്സിയുടെ വസതിയിൽവച്ചു നടന്ന സദ്യയിലും പാർട്ടിയിലും രണ്ടായിരത്തോളം പേർ പങ്കെടുക്കുകയുണ്ടായി.

തോട്ടപ്പുഴശ്ശേരിയിൽ കൂട്ടക്കവർച്ച

...ടം, ജന. 18

ഇവിടെനിന്നും ഏഴു മൈൽ കിഴക്ക് തോട്ടപ്പുഴശ്ശേരി മലയിൽ പൂവത്തിനാൽ ഔസേഫ് (72) എന്ന ഒരു ധനാഢ്യനെ കഴിഞ്ഞ രാത്രി ഒരു സംഘം തസ്കരന്മാർ കൊലപ്പെടുത്തുകയും അതിനുശേഷം വീട്ടിലുണ്ടായിരുന്ന ഇരുമ്പുപെട്ടികൾ തല്ലിപ്പൊളിച്ച് അനേകായിരം രൂപ വിലയുള്ള സ്വർണ്ണാഭരണങ്ങളും ധാരാളം രൂപയും എടുത്തുകൊണ്ട് പോകുകയും ചെയ്തിരിക്കുന്നു.

ഘാതകന്മാർ ഔസേഫിനെ ബന്ധിച്ചശേഷമാണ് കൊലപ്പെടുത്തിയതെന്നു പറയുന്നു. ആ വീട്ടിൽ ഔസേഫിനെ കൂടാതെ വൃദ്ധയായ ഒരു ജോലിക്കാരിമാത്രമാണുണ്ടായിരുന്നത്. അവരെയും തസ്കരന്മാർ വരിഞ്ഞുകെട്ടിവച്ചുകളഞ്ഞു. ഇരുമ്പുകമ്പി, കൂടം, മുതലായവ ഉപയോഗിച്ചാണ് കള്ളന്മാർ ഇരുമ്പുപെട്ടി കുത്തിപ്പൊളിച്ചത്. കള്ളന്മാർ കൊണ്ടുപോയ രൂപയിൽനിന്നു 26 രൂപ റോഡിൽ വീണതു അവിടത്തെ കണ്ടുകിട്ടിയിട്ടുണ്ട്. സ്ഥലത്തെത്തിയ പോലീസ് അധികൃതർ ഒരു കല്ലടയും അതിന്റെ പുറത്തു വച്ച കമ്പുകളും കണ്ടെത്തി സൂക്ഷിക്കുന്നു. കുററവാളികളെ കണ്ടുപിടിക്കുന്നതിന് തിരുവനന്തപുരത്തുനിന്നും പോലീസ് നായ്ക്കളെ കൊണ്ടുവരുന്നുണ്ട്.

ഡി. എസ്. പി., സർക്കിൾ ഇൻസ്പെക്ടർ മുതലായവർ സ്ഥലത്തെത്തിയിട്ടുണ്ട്. കൃത്യം നടന്ന സ്ഥലത്തേക്ക് ആരെയും കടത്തിവിട്ടിട്ടില്ല.

(സ്വ. ലേ)

എഫ്രേം ജെ അനൂക്കന് മള്ളൂർ സ്മാരക സ്വർണ്ണ മെഡൽ

[സ്വ. ലേ] കൊച്ചി ജന. 18

1964 ക്രിമിനൽ ലോ, ഇന്ത്യൻ എവിഡൻസ് ആക്ട് എന്നിവയ്ക്കു ഏററവും കൂടുതൽ മാർക്ക് വാങ്ങിയവർക്കുള്ള മള്ളൂർ ഗോവിന്ദപ്പിള്ള സ്വർണ്ണമെഡൽ 62-64 ൽ എറണാകുളം ലോകോളേജിൽ വിദ്യാർത്ഥിയായിരുന്ന കൊച്ചി സ്വദേശിയായ ശ്രീ എഫ്രേം ജെ. അനൂക്കൻ കരസ്ഥമാക്കിയിരിക്കുന്നു. ഇദ്ദേഹം ഇപ്പോൾ എറണാകുളത്ത് പ്രാക്ടീസ് ചെയ്യുകയാണ്.

ലെവിസമ്പ്രദായത്തിൽ എടുക്കുന്ന നെല്ലിന്റെ വില തീരെ അപര്യാപ്തം

കുട്ടനാട്ടെ പഞ്ചായത്ത് സെമിനാറിലെ പ്രമേയം

(സ്വ. ലേ) പുളിങ്കുന്ന്, ജനുവരി 18

സർക്കാർ ലെവിയായി എടുക്കുന്ന നെല്ലിന് നൽകുന്ന വില തീരെ അപര്യാപ്തമാണെന്നു ചൂണ്ടിക്കാണിക്കുന്ന ഒരു പ്രമേയം ചമ്പക്കുളം, വെളിയനാട് ബ്ലോക്കുകളിലുൾപ്പെട്ട കുട്ടനാട്ടു പഞ്ചായത്തുകളിലെ മെമ്പർമാരുടെയും, എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ഒരു സംയുക്തഏകദിനസെമിനാർ അംഗീകരിച്ചിരിക്കുന്നു.

പുളിങ്കുന്നു സെന്റ് ജോസഫ്സ് ഹൈസ്കൂൾ ഹാളിൽവച്ചാണു് ഈ സെമിനാർ നടത്തപ്പെട്ടത്.

പുളിങ്കുന്ന് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ പി ആർ വെങ്കിടാചലഅയ്യർ പതാക ഉയർത്തൽകർമ്മം നിർവ്വഹിക്കുകയും പഞ്ചായത്തു ഡയറക്ടർ ശ്രീ ആർ കേശവൻ നായർ സെമിനാർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മൂന്ന് നിരവധി വിഷയങ്ങളെക്കുറിച്ച് എൻ നാരായണക്കുറുപ്പ്, പി ഡി ലൂക്ക്, സി കെ ജോസഫ്, കെ എസ് നാരായണപിള്ള എന്നിവരുടെ നേതൃത്വത്തിൽ ഗ്രൂപ്പുകളായി ചർച്ച ചെയ്തു. നീണ്ടുനിന്ന ചർച്ചകൾക്കുശേഷം തൽവിഷയങ്ങൾക്ക് അനുയോജ്യകരമായ ഏതാനും പ്രമേയങ്ങളും പാസ്സാക്കി. പ്രസ്തുത പ്രമേയങ്ങൾ സ്റ്റേററ് ലീഡർഷിപ്പ് ബോർഡ്യോഗത്തിൽ അവതരിപ്പിച്ച് പാസാക്കുകയും, ബന്ധപ്പെട്ടവരെ ധരിപ്പിക്കുന്നതിനും തീരുമാനിക്കുകയും ചെയ്തു.

പുളിങ്കുന്ന് പഞ്ചായത്തു് അതിർത്തിയിലുള്ള ഹൈസ്കൂളുകളിലെ വിദ്യാർത്ഥികളിൽ എസ്സ് എസ്സ് എൽ സി ക്ക് ഏററവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്കുള്ള പാരിതോഷികം മങ്കൊമ്പ് ഹൈസ്കൂളിലെ വിദ്യാർത്ഥിയായിരുന്ന എസ്സ് രാധികയ്ക്കു സെമിനാറിനോടനുബന്ധിച്ചു നടന്ന സമാപനസമ്മേളനത്തിൽവച്ച് പഞ്ചായത്തു ഡയറക്ടർ, ആർ കേശവൻ നായർ നൽകി. എൻ നാരായണക്കുറുപ്പ് യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു. സി കെ ജോസഫ്, പി ഡി ലൂക്ക് എന്നിവർ പ്രസംഗിച്ചു.

ആലപ്പുഴജില്ലാ പഞ്ചായത്താഫീസർ എം കൃഷ്ണൻനായർ, വെളിയനാട്, ചമ്പക്കുളം ബ്ലോക്കാഫീസർമാർ തുടങ്ങിയവർ സെമിനാറിൽ സംബന്ധിച്ചിരുന്നു.

സൈക്കിൾ യാത്രാ വഴിപാട്

ചാവക്കാട് ജന. 18

പാലയൂർ വിശുദ്ധ തോമാശ്ലീഹായുടെ പള്ളിയിൽനിന്നും വേളാങ്കണ്ണി പള്ളിയിലേക്ക് ഒരു സൈക്കിൾയാത്രാ വഴിപാട് നടത്തിയശേഷം പി. എൽ. ടി. യിലെ ഒരു ജീവനക്കാരനായ ശ്രീ. വി. ജെ. ജോസഫ് ഇവിടെ തിരിച്ചെത്തിയിരിക്കുന്നു. ഈ യാത്രക്കാരൻ മണ്ണിയൂർ സ്വദേശിയാണ്.

മദിരാശി സംസ്ഥാനത്തിലുള്ള നാഗപട്ടണത്തിനടുത്താണ് വേളാങ്കണ്ണിപള്ളി. ഏകദേശം 810 നാഴിക ദൂരമുള്ള ഈ സൈക്കിൾ യാത്രാവഴിപാട് 8 ദിവസംകൊണ്ടാണ് ശ്രീമാൻ ജോസഫ് പൂർത്തിയാക്കിയതു്.

പാലക്കാട് വാർത്തകൾ

അഡ്വൈസർ പാലക്കാട്ടേക്ക്

സ്വ. ലേ പാലക്കാട്, ജ. 17

അഡ്വൈസർ ശ്രീ ഗോവിന്ദനാരായണൻ ജനുവരി 25-ാംതീയതി പാലക്കാട്ടെത്തുന്നതും പിറേറന്നു രാവിലെ 8 മണിക്കു് കോട്ടമൈതാനിയിൽ നടത്തപ്പെടുന്ന റിപ്പബ്ലിക്ക് ദിനപരേഡിൽ സല്യൂട്ട് സ്വീകരിക്കുന്നതുമായിരിക്കും.

സംസ്ഥാന യുവജനോത്സവം

ഷൊർണ്ണൂർ ഹൈസ്കൂളിൽവച്ച് നടത്തപ്പെടുന്ന സംസ്ഥാന യുവജനോത്സവത്തിന്റെ ഉൽഘാടനം ജനുവരി 24-ാം തീയതി വൈകുന്നേരം അഞ്ചുമണിക്ക് അഡ്വൈസർ ശ്രീ. ആർ പ്രസാദ് നിർവ്വഹിക്കുന്നതാണ്.

ശാസ്ത്രാഭിരുചി മത്സരങ്ങൾ

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഈ കൊല്ലം നടത്തുന്ന ശാസ്ത്രാഭിരുചിമത്സരങ്ങൾക്ക് കോഴിക്കോട് വിജ്ഞാനമന്ദിർ ഓഫീസർ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. ഗ്രാമങ്ങളിൽ ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങൾ നടപ്പാക്കൽ എന്ന വിഷയത്തെപ്പററി 17 വയസ്സിനു താഴെയുള്ളവർക്ക് കോഴിക്കോട് വിജ്ഞാനമന്ദിരത്തിന പുറമേ പാലക്കാട് മോയൻ ഹൈസ്കൂൾ, വിക്ടോറിയാഗേൾസ് ഹൈസ്കൂൾ, ആലത്തൂർ എൻ എസ് എസ് ഹൈസ്കൂൾ, ചെർപ്പുളശ്ശേരി ഹൈസ്കൂൾ, ഒററപ്പാലം എൻ എസ് എസ് കെ പി ടി ഹൈസ്കൂൾ എന്നിവിടങ്ങളിൽവച്ച് ഫെബ്രുവരി 6-ാംതീയതി കാലത്തു് 10 മണിക്ക് ഇംഗ്ലീഷ് മലയാളം തമിഴ് എന്നീ ഭാഷകളിൽ ഒരു പ്രസംഗ മത്സരം നടത്തുന്നതാണ്.

മത്സരത്തിനുള്ള ശാസ്ത്രീയോപകരണങ്ങളുടെയും മററും മോഡലുകളും വിജ്ഞാനമന്ദിരത്തിലെ മ്യൂസിയത്തിൽ വെയ്ക്കാവുന്ന ശാസ്ത്രീയമാതൃകകളും ജില്ലാവിദ്യാഭ്യാസാഫീസിലോ, ജില്ലയിലെ ബ്ലോക്കാഫീസുകളിലോ, വിജ്ഞാനമന്ദിരത്തിലോ ഫെബ്രുവരി 22-ാംതീയതിക്കുമുമ്പ് ലഭിച്ചിരിക്കണം. ഈ മൽസരത്തിൽ പാലക്കാട് ജില്ലയിലുള്ള എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. മേല്പറഞ്ഞ മൂന്നിനങ്ങളിലും 25 ക വീതമുള്ള ഒന്നാംസമ്മാനവും അർഹതയനുസരിച്ച് മററ സമ്മാനങ്ങളും നൽകുന്നതാണ്.

സ്പോർട്ടിംഗ്

അരണാട്ടുകര, ജന. 18

അരണാട്ടുകര സൺഷൈൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിവരാറുള്ള കെന്നഡി റോളിംഗ് ട്രോഫിക്കുവേണ്ടിയുള്ള രണ്ടാംവാർഷിക സ്പോർട്ട്സ് മത്സരവും, ജവഹർ റോളിംഗ് ട്രോഫിക്കുവേണ്ടിയുള്ള പ്രഥമ സ്പോർട്ട്സ് മത്സരവും 17-1-1965 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ടെന്നീസ് കോർട്ടിൽ വച്ചു നടത്തുകയുണ്ടായി. സീനിയർ മത്സരത്തിൽ വെസ്റ്റേൺ ബ്രദേഴ്സ് ക്ലബ്ബ് കെന്നഡി റോളിംഗ് ട്രോഫിയും, ജൂനിയർ മത്സരത്തിൽ വെസ്റ്റേൺ ബ്രദേഴ്സ് ക്ലബ്ബ് ജവഹർ റോളിംഗ് ട്രോഫിയും, കരസ്ഥമാക്കുകയുണ്ടായി. ജോയി തേക്കൻ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ജോസ്സ് നെല്ലിശ്ശേരി (തൃശ്ശൂർ കിഴക്കേമുക്ക) യാണ് കെന്നഡി റോളിംഗ് ട്രോഫി സംഭാവന നൽകിയത്. വ്യക്തികൾക്കുള്ള സീനിയർ ചാമ്പ്യൻഷിപ്പ് സി പി ആന്ത്രയോസ്സിനും ജൂനിയർ ചാമ്പ്യൻഷിപ്പ് പി. ആർ. അന്തപ്പനും ലഭിച്ചു.

തൃശ്ശൂർ ഇൻറർസ്കൂൾ ബേഡ്മിൻറൺ ടൂർണമെൻറ്

മററം, ജന. 18

മററം സെന്റ് ഫ്രാൻസീസ് ഹൈസ്കൂൾ ഗ്രൗണ്ടിൽവച്ച് എം എ ഔസേഫ് മെമ്മോറിയൽ ട്രോഫിക്കുവേണ്ടിയുള്ള തൃശ്ശൂർ ഇൻറർസ്കൂൾ ബേഡ്മിൻറൺ ടൂർണ്ണമെന്റിന്റെ ഫൈനൽ മത്സരത്തിൽ മററം സെന്റ് ഫ്രാൻസീസ് ഹൈസ്കൂൾ ബി ടീം തൃശ്ശൂർ മോഡൽ ബോയ്സ് ഹൈസ്കൂൾ ടീമിനെ പരാജയപ്പെടുത്തി ട്രോഫി കരസ്ഥമാക്കിയിരിക്കുന്നു.

മണിയപ്പൻ ട്രോഫി

[സ്വ. ലേ] ചങ്ങനാശ്ശേരി, ജന. 18

മണിയപ്പൻ മെമ്മോറിയൽ അഖിലേന്ത്യാ ഫുട്ബാൾ ടൂർണമെന്റിന്റെ ഒരു മത്സരം ഇന്നലെ സായാഹ്നത്തിൽ ടൗൺ ക്ലബ്ബ് മൈതാനത്തുവച്ചു നടക്കുകയുണ്ടായി. വിരുദ്നഗർ മർച്ചന്റ്സ് ടീമും കേരളാ പോലീസ് ടീമുമായി മത്സരം നടന്നതിൽ മൂന്നിനെതിരായി ഏഴ് ഗോളുകൾ നേടി വിരുദ്നഗർ മർച്ചന്റ്സ് വിജയിച്ചു. ഈ ടൂർണ്ണമെന്റ് തുടങ്ങിയതിനുശേഷം ഇത്ര മോശമായ ഒരു കളി നടന്നിട്ടില്ല എന്നാണ് എല്ലാപേരുടെയും അഭിപ്രായം.

ഇന്ന് വൈകുന്നേരം തിരുവല്ലാ ടൗൺ ടീമും വിരുദ്നഗർ മർച്ചന്റ്സുമായി നടന്ന മത്സരത്തിൽ ഏകപക്ഷീയമായി രണ്ടു ഗോളുകൾ നേടി തിരുവല്ലാ ടൗൺ ടീം വിജയിച്ചു.

ഒററപ്പാലം സ്പോർട്ട്സ് ഫെസ്റ്റിവൽ

ഒററപ്പാലം താലൂക്കടിസ്ഥാനത്തിലുള്ള സ്പോർട്ട്സ് ഫെസ്റ്റിവൽ ജനുവരി 17-ാം തീയതി ഞായറാഴ്ച ഒററപ്പാലം എൻ. എസ്. എസ്. ട്രെയിനിംഗ് കോളേജ് അങ്കണത്തിൽവച്ച് ആരംഭിച്ചിരിക്കുന്നു.

254 അദ്ധ്യാപക കുടുംബങ്ങൾക്ക് 3 ലക്ഷം രൂപ സഹായധനം

ഈ കൊല്ലം 5 ലക്ഷത്തോളം രൂപ അദ്ധ്യാപക ക്ഷേമനിധിയിലേക്ക് പിരിഞ്ഞുകിട്ടിയെന്ന്

സ്വ. ലേ. തിരു ജന 18

നാഷണൽ ഫൗണ്ടേഷൻ ഫോർ ടീച്ചേഴ്സ് വെൽഫെയറിന്റെ സ്റ്റേററ് വർക്കിംഗ് കമ്മററി ഇന്നു അഡ്വൈസർ ഗോവിന്ദനാരായണന്റെ അദ്ധ്യക്ഷതയിൽ കൂടി സംസ്ഥാനത്തെ 254 അദ്ധ്യാപക കുടുംബങ്ങൾക്ക് വെൽഫെയർ ഫണ്ടിൽനിന്നും മൂന്നു ലക്ഷത്തോളം രൂപാ വിതരണം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. സഹായധനം ലഭിക്കുന്നതിന് 1083 അപേക്ഷകരാണ് മൊത്തം ഉണ്ടായിരുന്നത്. ഇവരിൽനിന്നും സഹായം അർഹിക്കുന്ന 254 പേരെ തെരഞ്ഞെടുക്കുന്നതിനു് വിദ്യാഭ്യാസ ഡയറക്ടറെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡയറക്ടർ ഓരോ പ്രദേശത്തെയും ഹെഡ്മാസ്റ്റർമാരോട് ആലോചിച്ച് ഇക്കാര്യം തീരുമാനിക്കും.

ഫൗണ്ടേഷന്റെ സ്റ്റേററ് വർക്കിംഗ് കമ്മിററിയിൽ അഡ്വൈസർക്ക് പുറമേ വിദ്യാഭ്യാസസെക്രട്ടറി, വിദ്യാഭ്യാസ ഡയറക്ടർ, ഫിനാൻസ് സെക്രട്ടറി എ. എൻ. തമ്പി, തിരുവനന്തപുരം ആർച്ച്ബിഷപ്പ് ബനഡിക്ട് മാർഗ്രിഗോറിയോസ് തിരുമേനി, ഡോ സി. ഒ. കൊട്ടാരം എന്നിവരാണ് അംഗങ്ങൾ.

സഹായവിഹിതം

254 പേർക്ക് സഹായം നൽകുന്നതു കാണുന്ന പ്രകാരം വിഭജിച്ചിട്ടുമുണ്ട്. സ്പൃഹനായ 30 പേർക്കും (മൊത്തം തുകയിൽ 10 ശതമാനം) മരിച്ച അദ്ധ്യാപകരുടെ ആശ്രിതർക്കായി 54 പേർക്കും (മൊത്തം തുകയുടെ 20 ശതമാനം) രോഗചികിത്സക്കായി 80 പേർക്കും (മൊത്തം തുകയുടെ 20 ശതമാനം) പെൺമക്കളുടെ വിവാഹത്തിനായി 45 പേർക്കും (മൊത്തം തുകയുടെ 15 ശതമാനം) കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 45 പേർക്കും (മൊത്തം തുകയുടെ 15 ശതമാനം) ആണ് ഈ മൂന്നു ലക്ഷത്തിൽപരം രൂപാ വിതരണം ചെയ്യുക. ഒരു ലക്ഷം രൂപാ നേരത്തെ 10 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്. ഈ കൊല്ലം അദ്ധ്യാപകക്ഷേമഫണ്ടിലേക്ക് 491000 രൂപാ പിരിഞ്ഞതായും വർക്കിംഗ് കമ്മിററി യോഗത്തിൽ വെളിപ്പെടുത്തപ്പെട്ടു.

ഈ തുകകൾ ഉടനെതന്നെ അർഹതയുള്ളവർക്കായി വിതരണം ചെയ്യും.

അന്തിക്കാട്ട് ബി. ഡി. സി.

അന്തിക്കാട്ട് ജന. 18

അന്തിക്കാട് ബ്ലോക്ക് ഡവലപ്പ്മെന്റ് കമ്മിററിയുടെ ഒരു പ്രത്യേകയോഗം ജനുവരി 21-ാംനം വ്യാഴാഴ്ച ഉച്ചതിരിഞ്ഞ 4 മണിക്ക് പെരിങ്ങോട്ടുകരയുള്ള ബ്ലോക്കാഫീസിൽവച്ച് ചേരുന്നതാണ്.

കത്തോലിക്കാ കോൺഗ്രസ്സിന്റെ 3 ലക്ഷം ഫണ്ട്

സ്വ. ലേ. പാലക്കാട്ട്, ജ; 19

കത്തോലിക്കാ കോൺഗ്രസ്സിന്റെ 3 ലക്ഷം ഫണ്ട് വിജയിപ്പിക്കുവാനായി പാലക്കാട്ടെ വൈ. സി. ഡബ്ല്യു. യു. പ്രവർത്തകർ ഇന്നലെ മുതൽ എല്ലാ കത്തോലിക്കാഭവനങ്ങളിലും പിരിവുകൾ ഊർജ്ജിതമായി ആരംഭിച്ചിരിക്കുന്നു.

ആന ചരിഞ്ഞു

സ്വ. ലേ. ചാലക്കുടി, ജ. 18

വെററിലപ്പാറയിൽവച്ച് ഇന്നലെ വൈകുന്നേരം ഒരാന ചരിഞ്ഞിരിക്കുന്നു.

കൊയിലാണ്ടി താലൂക്കിലെ വാകയാട്ട് ദേശത്ത് വലപ്പച്ചേരി ഇല്ലത്ത് ഗോവിന്ദൻനമ്പൂതിരിപ്പാടിന്റേതാണീ ആന.

വാഴച്ചാൽ കൂപ്പിൽപണിക്ക് കൊണ്ടുപോയിട്ട് തിരിച്ചു കൊണ്ടുവരുംവഴിക്കാണ് വെററിലപ്പാറയിൽവച്ച് ആന ചരിഞ്ഞതു്.

അതിരപ്പള്ളി ജലവൈദ്യുത പദ്ധതി നാലാം പദ്ധതിയിൽ ഉൾപ്പെടുത്തണം

സ്വ. ലേ. ചാലക്കുടി ജ: 18

വെററിലപ്പാറയിലെ വിമുക്തഭടന്മാരുടെ ഒരു യോഗം ഇന്നലെ വെററിലപ്പാറയിൽവച്ച് പി. പൗലോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഈ പ്രദേശത്തു് ഒരു അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിക്കുക, അതിരപ്പള്ളി ജലവൈദ്യുത പദ്ധതി നാലാം പദ്ധതിയിലുൾപ്പെടുത്തി പണിയാരംഭിക്കുക, കാട്ടാനശല്യത്തിൽനിന്നും കോളനി നിവാസികളെ രക്ഷിക്കുക, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസാക്കി അധികൃതർക്കയച്ചുകൊടുത്തിരിക്കുന്നു.

കൊററങ്കര പഞ്ചായത്തിലെ മുഴുവൻ റേഷൻകടകളും റദ്ദാക്കി

സഹകരണ വെട്ടിപ്പുകാരക്കെതിരെ ജില്ലാ കളക്ടറുടെ നടപടി

(സ്വ. ലേ) കൊല്ലം, ജനുവരി, 18

കൊററങ്കര പഞ്ചായത്തിലെ എട്ട് വാർഡിലെയും റേഷൻകടകളുടെ ലൈസൻസുകൾ കൊല്ലം ജില്ലാ കളക്ടർ റദ്ദു ചെയ്തിരിക്കുന്നു.

രണ്ടു കോ-ഓപ്പറേറ്റീവ് സൊസൈററികളുടെ ചുമതലയിലാണ് ഈ എട്ടു റേഷൻകടകളും നടത്തിയിരുന്നത്.

കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് റദ്ദാക്കപ്പെട്ട ഈ എട്ടു റേഷൻകടകൾക്ക് പുറമേ മററ രണ്ടു കടകളുടെയും ലൈസൻസുകൾ ഇന്നു ജില്ലാ കളക്ടർ റദ്ദാക്കിയിട്ടുണ്ട്.

സാരമായ ക്രമക്കേടുകളാണ് നടപടിക്ക കാരണം.

പാക്കേജ് പഠനസംഘം

പാക്കേജ്പദ്ധതി പ്രവർത്തനത്തെപ്പററി പഠിക്കാൻ നിയുക്തരായ വർക്കിംഗ് ഗ്രൂപ്പ് പാലക്കാട് മൂന്നുദിവസത്തെ പര്യടനംകഴിഞ്ഞ് ഇന്നു തിരിച്ചുപോയിരിക്കുന്നു. ഇന്നലെ പാലക്കാട്ട് ഡിസ്ട്രിക്ട് കോ-ഓപ്പറേററീവ് ബേങ്കിൽവച്ച് അവർ ജില്ലയിലെ സഹകരണവകുപ്പുദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തി, പാക്കേജ് പദ്ധതിയുടെ സഹകരണവിഭാഗം ഡയറക്ടർ ശ്രീ ജെ കെ വർമ്മയും അസിസ്റ്റന്റ് ഡയറക്ടർ ശ്രീ വി കെ ബാലകൃഷ്ണനുമാണ് സംഘത്തിലുണ്ടായിരുന്നത്.

62 ലക്ഷം ക. പാക്കേജ് വായ്പ നൽകി

സ്വ. ലേ. പാലക്കാട് ജ; 18

പാലക്കാട് ജില്ലയിൽ പാക്കേജ്പദ്ധതിയിൻകീഴിൽ ഇതുവരെയായി 6274837ക. വായ്പ നൽകിക്കഴിഞ്ഞിരിക്കുന്നു. ശാസ്ത്രീയ രീതിയിൽ കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കുന്ന ഈ സമഗ്രകാർഷിക പദ്ധതി ആരംഭിച്ച വർഷത്തിൽ 617166ക യും 1963-64ൽ 1894171ക.യും 1964 65ൽ നവമ്പർ മാസം അവസാനം വരെയായി 3763500ക.യുമാണ് വായ്പ ഇനത്തിൽ വിതരണം ചെയ്യപ്പെട്ടത്. സഹകരണസംഘങ്ങൾ മുഖേനയാണ് ഈ തുക കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളത്.

സാമൂഹ്യ-സാമ്പത്തിക സർവ്വേ

പ്ലാനിംഗ് കമ്മീഷന്റെയും സ്റ്റേററ് പ്ലാനിംഗ് ബോർഡിന്റെയും നിർദ്ദേശമനുസരിച്ച് പാലക്കാട്ടെ വിക്ടോറിയ കോളേജ് പ്ലാനിംഗ് ഫോറം ഒരു സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്താൻ തീരുമാനിച്ചിരിക്കുന്നു. പാക്കേജ് പദ്ധതി പാലക്കാട്ടെ ബ്ലോക്ക് മേഖലയിലുള്ള ഗ്രാമപ്രദേശങ്ങളിലുളവാക്കിയ പ്രതികരണത്തെപ്പററി പഠനം നടത്താനാണ് ഈ സർവ്വേ കൊണ്ടുദ്ദേശിക്കുന്നത്.

പ്രൊഫസർ ശ്രീ. ജോസഫ്, കെ. അലക്സാണ്ടർ എന്നിവരാണ് സർവ്വേക്ക് നേതൃത്വം നൽകുന്നത്.

ജനുവരി 24, 31 എന്നീ തീയതികളിൽ കോങ്ങാട്ട്, കണ്ണാടി, എന്നീ ഗ്രാമങ്ങൾ ഈ പര്യവേക്ഷണത്തിലേർപ്പെട്ടവർ സന്ദർശിക്കുന്നതാണ്. ഫോറത്തെ ഞായറാഴ്ചകളിൽ തങ്ങളെ സമീപിക്കുന്നവർക്ക് സർവ്വേയ്ക്കാവശ്യമായ വിവരങ്ങൾ നൽകി സഹകരിക്കണമെന്നു വിക്ടോറിയാ കോളേജ് പ്രിൻസിപ്പാൾ അഭ്യർത്ഥിക്കുന്നു.

റേഡിയോ

ജനുവരി 20 ബുധൻ

തിരുവനന്തപുരം, കോഴിക്കോട്

തൃശ്ശൂർ

464.5, 461.2, 517 മീററർ

രാവിലെ

6.50 മംഗളവാദ്യം
6.55 പരിപാടി ചുരുക്കം
7.00 ഉദയഗീതം
7.25 ഇന്നത്തെ ചിന്താവിഷയം
7.30 വാർത്തകൾ മലയാളത്തിൽ
7.45 സംഗീതപാഠം
8.00 വാർത്തകൾ ഇംഗ്ലീഷിൽ
8.15 വാദ്യോട്ട്

ഉച്ചക്ക്

12.30 പ്രാദേശികവാർത്തകൾ
12.35 തൊഴിലാളിമണ്ഡലം
1.05 നാദസ്വരം
1.20 വാർത്തകൾ മലയാളത്തിൽ
1.30 രവീന്ദ്രസംഗീതം [മലയാളചിത്രീകരണം]
1.40 വാർത്തകൾ ഹിന്ദിയിൽ
1.50 സുഗമഗാനം
2.00 കാലാവസ്ഥ

വൈകിട്ട്

3.30 വിദ്യാലയങ്ങൾക്കുവേണ്ടി
5.30 വാദ്യോട്ട്
6.00 പ്രാദേശിക അറിയിപ്പ്
6.05 പ്രാദേശികവാർത്തകൾ
6.15 സാരംഗിവാദനം
7.00 വാർത്താവലോകനം
7.10 ചലച്ചിത്രഗാനങ്ങൾ
7.30 വാർത്തകൾ മലയാളത്തിൽ
7.45 സർവ്വകലാശാലാവിദ്യാർത്ഥികൾക്കുവേണ്ടി
8.00 ത്യാഗരാജഉത്സവം (സംഗീതം- തൃശ്ശൂർ പി. രാധാകൃഷ്ണൻ)
8.45 ഗാനകൈമുദം
8.55 ഇന്നത്തെ ചിന്താവിഷയം
9.00 വാർത്തകൾ ഇംഗ്ലീഷിൽ
9.15 വീക്ഷണം
9.30 ദേശീയസംഭാഷണപരിപാടി
9.45 ത്യാഗരാജന്റെ പഞ്ചരത്നകൃതികൾ
10.30 വീണ
10.35 സമാപനം

കോഴിക്കോട് ബി

275.2 മീററർ.

(വിവിധഭാരതിയിലെ)

രാവിലെ

7.00 ഭക്തിഗാനം
7.30 സംഗീതം
7.45 ഉപകരണസംഗീതം
8.00 ദേശാഭിമാനോജ്ജ്വലഗാനങ്ങൾ
8.15 വാർത്തകൾ ഹിന്ദിയിൽ
8.30 സമ്മിശ്രഗാനങ്ങൾ
9.28 ഇന്നത്തെ സുപ്രധാന സംഭവങ്ങൾ
10.15 [ഞായറാഴ്ചമാത്രം]
11.00 സംഗീതം
11.30 പ്രചാരത്തിലുള്ള ട്യൂണുകൾ
11.45 ലളിതഗാനം
12.00 സംഗീതം

വൈകിട്ട്

2.00 ആവശ്യപ്പെട്ട പരിപാടി
3.30 [ഞായറാഴ്ചമാത്രം]
4.00 പ്രഖ്യാപിച്ച ഗാനങ്ങൾ
4.15 വിവിധസംഗീതം
4.45 സംഗീതം [ഞായർ, ബുധൻ, വെള്ളിമാത്രം]
5.45 സായുധസേനകൾക്കുവേണ്ടി [ആവശ്യപ്പെട്ടത്]
6.30 സംഗീതം
7.00 പുഷ്പാവലി (സംഗീതം)
7.30 തപാൽപെട്ടി
7.40 അഭിമുഖസംഭാഷണങ്ങൾ
7.45 നാടോടിപ്പാട്ടുകൾ
8.00 ഗാനങ്ങൾ
8.15 വാർത്തകൾ ഹിന്ദിയിൽ
8.30 ആവശ്യപ്പെട്ട പരിപാടി

106-ാമത്തെ വയസ്സിൽ നിര്യാതനായി

പുത്തൻവേലിക്കര ജന. 18

സ്ഥലത്തെ ഒരു പ്രമുഖ കുടുംബാംഗമായ കൊടിയൻ പാലി ആഗസ്തി 106-ാമത്തെ വയസ്സിൽ ഇന്നലെ നിര്യാതനായിരിക്കുന്നു. ശവസംസ്കാരം ഇന്നു ഉച്ചക്ക് സ്ഥലം സെന്റ് ജോർജ്ജ് പള്ളിയിൽ റവ. ഫാദർ ജെയിക്കബ്ബ് പുലിക്കോട്ടിലിന്റെ പ്രധാനകാർമ്മികത്വത്തിൽ നടത്തി.

നോമിനേഷൻ നൽകി

പുത്തൂർ, ജന. 18

പുത്തൂർ പഞ്ചായത്തു് പ്രസിഡണ്ട് എം. പി. കേശവൻ നായർ തൃശ്ശൂർ ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കൗൺസിലിലേക്ക് പഞ്ചായത്തു പ്രസിഡണ്ടുമാരുടെ പ്രതിനിധിയായി മത്സരിക്കുന്നതിനായി തൃശ്ശൂർ ഡിസ്ട്രിക്ട് പഞ്ചായത്താഫീസർക്ക് നോമിനേഷൻ കൊടുത്തിരിക്കുന്നതായി അറിയുന്നു.

ആർ. ടി. എ. യോഗം

പാലക്കാട്ട് ആർ. ടി. എ. യുടെ ഒരു യോഗം ഇന്നു കലക്ടറേററിൽവച്ചു കൂടിയിരിക്കുന്നു.

കൃത്രിമശ്വാസംകൊടുത്തു ജീവൻ രക്ഷിച്ചു

പ്ര. ലേ. മുക്കൂട്ടുതറ, ജ: 18

പ്ലാവേലിതേരവ് എന്ന സ്ഥലത്തുവച്ചു് ശ്വാസം നിലച്ചുപോയ ഒരു രോഗിയെ ഇക്കഴിഞ്ഞ ദിവസം വെച്ചൂച്ചിറ ഗവണ്മെന്റാശുപത്രിയിൽ കൊണ്ടുവരികയും ഡോക്ടർ ദേവദാസ് തന്റെ കഠിനപ്രയത്നംമൂലം 3 മണിക്കൂർ നേരം അദ്ദേഹത്തിനു കൃത്രിമശ്വാസം നൽകി നഷ്ടപ്പെട്ട ശ്വാസോച്ഛ്വാസം വീണ്ടെടുത്തു രക്ഷിക്കുകയും ചെയ്ത ഒരു സംഭവമുണ്ടായിരിക്കുന്നു. ഈ രോഗിക്ക് 35-ഓളം വയസ്സ് പ്രായമുണ്ട്. കഞ്ഞപ്പെട്ടി എന്നു വിളിക്കുന്ന ഇയാൾ ഒരു ചായക്കട വ്യാപാരിയാണ്.

കേരളത്തിലെ കയററുമതി ഉല്പന്നങ്ങൾ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികളാണ്

അവരുടെ നിലവാരം മെച്ചപ്പെടുത്താൻ വിദ്യാ: രംഗത്തെ പരിഷ്ക്കാര ഭ്രാന്ത് നിറുത്തിവയ്ക്കണം

പ്രിൻസിപ്പാൾ ഫാ. ഗബ്രിയൽ, സുകുമാർ അഴീക്കോട് എന്നിവരുടെ പ്രസംഗങ്ങൾ

[സ്വ. ലേ] ഇരിങ്ങാലക്കുട, ജന. 18

"ഏററവും ദുർബ്ബലമായ വിദ്യാഭ്യാസം ഇന്നു് എസ്. എസ്. എൽ. സി. യാണെന്നും, അതിന്നു ഇന്നു് മാർക്കററിൽ വിലയില്ലെന്നും അഡ്രസ്സുപോലും എഴുതാനറിയാത്ത വിദ്യാർത്ഥികളെ കോളേജിലേക്ക് തള്ളിവിടുകയാണെന്നും ക്രൈസ്റ്റ് കോളേജ് പ്രിൻസിപ്പാൾ റവ. ഫാദർ ഗബ്രിയേൽ ഇന്നിവിടെ വെച്ച് പ്രസ്താവിച്ചിരിക്കുന്നു.

ചന്ദ്രിക എഡ്യൂക്കേഷൻ ട്രസ്റ്റ് വക എസ്സ്. എൻ. ട്രെയിനിംഗ് സ്കൂൾ, ഹൈസ്കൂൾ, എൽ. പി. സ്കൂൾ എന്നീ വിദ്യാലയങ്ങളുടെ വാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു ഫാദർ ഗബ്രിയേൽ.

സ്കൂളുകളുടെ മാനേജരായ സി. ആർ. കേശവൻ വൈദ്യർ സ്വാഗതം പറഞ്ഞു. ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർ ടി. കെ. കൃഷ്ണമേനോൻ റിപ്പോർട്ട് വായിച്ചു.

റവ. ഫാ. ഗബ്രിയേൽ തുടർന്നു:-

"കേരളത്തിലെ യഥാർത്ഥ കയററുമതി ഉല്പന്നങ്ങൾ ചായയോ കുരുമുളകോ അല്ല. അഭ്യസ്തവിദ്യരായ യുവാക്കളാണ്. അവർക്ക മാർക്കററുകളിൽ നല്ല ഒരു നിലയില്ലാവസ്ഥയാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം 12 വർഷവും മൂന്നുവർഷം ഡിഗ്രിയുമാക്കണം. പക്ഷേ അതിനെ പന്ത്രണ്ടുവർഷമാക്കണമെങ്കിൽ അതിനു യോഗ്യതയുള്ള അദ്ധ്യാപകന്മാരും മററ സാമഗ്രികളുംവേണം. എം. എ. ക്കാരും മററുമായ ആയിരക്കണക്കിനു് അദ്ധ്യാപകരുണ്ടാകണം. അത്രയും ഡിഗ്രിക്കാരെ വാർത്തുവിടാൻ പെട്ടെന്നു് കോളേജുകൾക്ക സാദ്ധ്യമല്ല. ലൈബ്രറി മുതലായ പല കാര്യങ്ങൾക്കും ഭീമമായ സംഖ്യ വേണം. ഇതിനു ഗവണ്മെണ്ടിനു സാദ്ധ്യമാണോ? അതൊരു വലിയ പ്രശ്നമാണ്. എന്നാൽ വിദ്യാഭ്യാസനിലവാരം ഉയർത്തണം. ഒരു താല്ക്കാലിക പദ്ധതിയായി 10 വർഷം ഹൈസ്കൂൾ പഠനവും 2 വർഷം പ്രീ യൂണിവേഴ്സിററിയും മൂന്നു വർഷം ഡിഗ്രിക്കാലവുമാക്കിയിരിക്കയാണ്. പ്രീ ഡിഗ്രി സാങ്കേതിക പരിജ്ഞാനമുണ്ടാക്കലാണ്. ഏററവും ദുർബ്ബലമായ വിദ്യാഭ്യാസം എസ്. എസ്. എൽ. സി. യാണ്.

പിന്നീട് മൂത്തകുന്നം ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ സുകുമാർ അഴീക്കോടാണ് പ്രസംഗിച്ചത്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഉദ്ദേശ്യങ്ങൾ കൈവരുത്തുവാൻ നമുക്കു സാധിക്കുന്നില്ലെന്നും കാരണം ഇന്നത്തെ സാംസ്കാരിക ശൂന്യതയാണെന്നും പറഞ്ഞുകൊണ്ട് അദ്ദേഹം തുടർന്നു:- "അദ്ധ്യാപകന്റെ മാനസികമായ കഴിവു വികസിക്കുകയും വിദ്യാഭ്യാസരംഗത്തു് നിരന്തരമായുള്ള പരിഷ്കാരങ്ങൾ അവസാനിക്കുകയും ചെയ്യുന്നതുവരെ കാലം വിദ്യാലയാന്തരീക്ഷം ശുദ്ധമാവുകയില്ല. ഇന്നത്തെ ഘട്ടത്തിൽ ഏററവും വലിയ രാജ്യരക്ഷ അദ്ധ്യാപകർ കുട്ടികളിൽ പകരുന്ന സംസ്കാരമാണ്. സംസ്കാരത്തിന്റെ വെളിച്ചം പകരുവാൻ അദ്ധ്യാപകനു സാധിക്കണം. സംസ്കാരത്തിന്റെ കൊടി ഏററി നടക്കുവാൻ അദ്ധ്യാപകനു സാധിക്കണം. അതു താഴെ വീഴാതെ സൂക്ഷിക്കുക. ഭൗതികമായ ജീവിതത്തിലെ പല പരാധീനതകളേയും വിസ്മരിച്ചുകൊണ്ട് അദ്ധ്യാപകന് സേവനതല്പരമായ ഒരു മനസ്ഥിതി വളരണം".

ഹെഡ്മിസ്ട്രസ്സ് കെ. കാർത്യായനി കൃതജ്ഞത പറഞ്ഞു. ഗാനമേള, നൃത്തം, ഏകാങ്കം, നാടകം മുതലായ കലാപരിപാടികളുണ്ടായിരുന്നു. മെയിൻ റോഡിൽ നിന്നും സമ്മേളനസ്ഥലംവരെയും തോരണങ്ങളാലും വിവിധ വർണ്ണങ്ങളിലുള്ള വൈദ്യുതദീപങ്ങളാലും കമനീയമായി അലങ്കരിച്ചിരുന്നു.

ക്രൈസ്തവ സഭൈക്യ വാരാചരണം

കൊല്ലത്തു് 8 ദിവസത്തെ പരിപാടികൾ

കൊല്ലം, ജനുവരി 17

കൊല്ലം ടൗണിലെ ക്രൈസ്തവസഭകളുടെ ആഭിമുഖ്യത്തിൽ ഇക്കൊല്ലത്തെ ഐക്യവാരം ആചരിക്കുന്നതിനെപ്പററി പര്യാലോചിക്കുന്നതിനായി ഫാത്തിമാ മാതാ നാഷണൽ കോളേജിൽവച്ച് പ്രിൻസിപ്പാൾ റവ. ഫാദർ സി. എം. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി 11 സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുകയും, താഴെ പറയുന്ന പരിപാടി അംഗീകരിക്കുകയും ചെയ്തു.

ജനുവരി 18 മുതൽ 25 വരെ എല്ലാ ദിവസവും വൈകിട്ട് 5-30 മുതൽ 6-30 വരെ താഴെപ്പറയുന്ന ദേവാലയങ്ങളിൽ ഐക്യപ്രാർത്ഥനായോഗങ്ങൾ നടത്തുന്നതാണ്.

18-1 '65 സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, മുണ്ടം-കൊല്ലം

19-1-'65 സെന്റ് തോമസ് മാർത്തോമാപള്ളി, തേവള്ളി-കൊല്ലം

20-1-'65 സെന്റ് ആൻറണീസ് ഫ്ര്യറി ചാപ്പൽ, തില്ലേരി-കൊല്ലം

21-1-'65 സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ക്രോസ്ജംഗ്ഷൻ-കൊല്ലം

22-1-'65 സെന്റ് തോമസ് സി. എസ്. ഐ. ചർച്ച്, പട്ടത്താനം-കൊല്ലം

23-1-'65 സി. എസ്. ഐ., എൽ. എം. എസ്. മെമ്മോറിയൽ ചർച്ച്-കൊല്ലം

24-1-'65 മേൽ പറയപ്പെട്ട എല്ലാ ദേവാലയങ്ങളിലും വൈകിട്ട് കൃത്യം 5-30 മുതൽ 6-30 വരെ പ്രാർത്ഥനാപരിപാടി ഉണ്ടായിരിക്കുന്നതാണ്.

25-1-'65 സമാപന സമ്മേളനപരിപാടി-ഫാത്തിമാ മാതാ നാഷണൽ കോളേജ് ഓഡിറേറാറിയത്തിൽ.

കൂടുന്ന മഹാസമ്മേളനത്തിൽ കേരളത്തിലെ എല്ലാ ക്രൈസ്തവ വിഭാഗങ്ങളെയും പ്രതിനിധീകരിച്ച്, അതാതു മേലദ്ധ്യക്ഷന്മാർ സംബന്ധിക്കുന്നതും എല്ലാ വിഭാഗങ്ങളിലുംപ്പെട്ട ഓരോ അൽമേനി പ്രതിനിധികൾ പ്രസംഗിക്കുന്നതുമാണ്. 24-ാംനം ഞായറാഴ്ച സഭകളിലെ എല്ലാ വിഭാഗത്തിലുംപ്പെട്ട ദേവാലയങ്ങളിലും ഐക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനകൾ നടത്തുന്നതായിരിക്കും.

ഈ സമ്മേളനത്തിന്റെ നടത്തിപ്പിലേക്കുവേണ്ടി പ്രൊഫസർ സി. പി. മാത്യു കൺവീനറും റവ. തെക്കേടത്ത്, എം. ജി. ചാക്കോ എന്നിവർ അംഗങ്ങളുമായും ഒരു പ്രോഗ്രാം കമ്മററിയും ശ്രീ കെ. എസ്. ജോസഫ് (കൺവീനർ) ഡോ: തെക്കേടത്തു്, വി. ജെ. ആൻഡ്രൂസ് എന്നിവരടങ്ങിയ ഒരു സ്വീകരണക്കമ്മററിയും മെസ്സേഴ്സ്: കെ. പി. ഹെർമീസ് (കൺവീനർ) മുനിസിപ്പൽ ചെയർമാൻ പി. വി. ജോർജ്ജ്, പി. എ. മാത്യു എന്നിവരടങ്ങിയ ഒരു ഫിനാൻസ് കമ്മററിയും, ശ്രീമാന്മാർ: പി എ. പോൾ, ഡബ്ല്യു. ജെ. ജോർജ്ജ് എന്നിവരടങ്ങിയ ഒരു പ്രസിദ്ധീകരണകമ്മററിയും രൂപീകരിച്ചിട്ടുണ്ട്. (സ്വ. ലേ)

സമിതി അംഗങ്ങൾ

1. വെരി. റവ മോൺ: പീററർ തെക്കേവീട്ടിൽ (സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, മുണ്ടം-കൊല്ലം)
2. റവ. ഐസക്ക് എസ്. ഡേവിഡ് (സി. എസ്. ഐ., എൽ. എം. എസ്. മെമ്മോറിയൽ ചർച്ച്, കൊല്ലം)
3. റവ. സി ജി. മാത്യു (സെന്റ് തോമസ് ചർച്ച്, പട്ടത്താനം-കൊല്ലം)
4. റവ. ഫാദർ അഗസ്റ്റിൻ കുളത്തൂ, (ഫാത്തിമാ മാതാ നാഷണൽ കോളേജ്)
5. റവ. ററി. ജെ. മത്തായി (സെന്റ് തോമസ് മാർത്തോമാപള്ളി, തേവള്ളി-കൊല്ലം)
7. വെ. റവ. ഫാദർ ജേക്കബ് ടി. എഫ്. എം. കേപ്, (സെന്റ് ആൻറണീസ് ഫ്ര്യറി, തില്ലേരി-കൊല്ലം.)

ഒന്നര ലക്ഷം രൂപയുടെ വളം വിതരണം ചെയ്യും

(സ്വ. ലേ) മാള ജന. 18

മാള ബ്ലോക്ക് വികസന സമിതിയുടെ ഒരു യോഗം ഇക്കഴിഞ്ഞ ദിവസം ആർ ഡി കെ എം കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ അന്നമനട പഞ്ചായത്തു് ആഫീസിൽ വച്ചു് കൂടി പമ്പുസെററുകൾ വായ്പയായി വിതരണം ചെയ്യുന്നതിലേയ്ക്കു 40000 രൂപയും കിണറുകൾ കുഴിക്കുവാൻ 45000 രൂപയും അനുവദിക്കണമെന്നഭ്യർത്ഥിച്ചിരിക്കുന്നു.

ബ്ലോക്കിൽ തെങ്ങിൻ തൈവിതരണത്തിനു് ഒരു നഴ്സറി തുടങ്ങണമെന്നും, മാള കുഴൂർ പഞ്ചായത്തുകളിലേക്ക് സത്വര നടപടികൾ എടുക്കണമെന്നും യോഗം ആവശ്യപ്പെട്ടു. കഴിഞ്ഞ മൂന്നു മാസത്തെ ബ്ലോക്കിന്റെ പ്രവർത്തന റിപ്പോർട്ട് ബ്ലോക്കാഫീസർ വായിച്ചു. ചാർജ്ജ് ചെയ്യപ്പെട്ട രാസവള വിതരണത്തിൽ ഒന്നര ലക്ഷം രൂപയുടെ തെങ്ങുവളവും നെൽകൃഷിയ്ക്കു് എസ്പാലവും നല്കിയിട്ടുണ്ട്.

ഇടക്കാലാശ്വാസം അനുവദിക്കണം

തൃശ്ശൂർ, ജന. 18

കേരളാ ഹോസ്പിററൽ വർക്കേഴ്സ് യൂണിയൻ തൃശ്ശൂർ ഡി. സി. സി. യോഗം പ്രസിഡണ്ട് കെ. എൻ. ഗോവിന്ദൻനായരുടെ അദ്ധ്യക്ഷതയിൽ തൃശ്ശൂർ ജില്ലാ ആശുപത്രി പി. ഹാളിൽ വെച്ചു കൂടി, ഇടക്കാലാശ്വാസം 25ക. അനുവദിക്കുക, ക്ഷാമബത്ത കൂട്ടുമ്പോൾ ഒഴിവാക്കിയിരിക്കുന്ന ഇക്കാലത്തു് പരസ്പരം സ്ഥലംമാററത്തിന് അപേക്ഷ ബോധിപ്പിച്ചവർക്കെങ്കിലും സൗജന്യമായി സ്ഥലംമാററം ഉടനെ അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന പ്രമേയങ്ങൾ പാസ്സാക്കി അധികാരസ്ഥാനങ്ങളിലേക്ക് അയച്ചുകൊടുക്കുവാൻ തീരുമാനിച്ചു.

ആലുവായിൽ

അഖിലലോക ക്രൈസ്തവ ഐക്യവാരാവസാനദിനമായ ജനുവരി 25-ാംനം തിങ്കളാഴ്ച ആലുവാ സെന്റ് മേരീസ് ഹൈസ്കൂൾ മൈതാനത്തുവെച്ച് ഒരു ക്രൈസ്തവ ഐക്യമഹാസമ്മേളനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

സ്ഥലം കാർമ്മൽ സെന്റർ ഹാളിൽ വെച്ച് പ്രൊഫസർ സി. പി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആലുവായിലെ വിവിധ ക്രൈസ്തവ വിഭാഗങ്ങളുടെ പ്രതിനിധിയോഗത്തിൽവച്ചാണ് ഈ തീരുമാനമെടുത്തത്.

25-ാംനം വൈകുന്നേരം 5 മണിക്കൽ നടത്തപ്പെടും. വെരി. റവ. ഫാദർ ജ. ബാസിലിയൂസ് സി. എം. ഐ. പൗരസ്ത്യവിദ്യാപീഠത്തിന്റെ സഹോദര പുത്രനും ബാംഗ്ലൂർ ... വി. ജി. സി. (ഇന്ത്യ. ലിമിറ്റഡ്) മാനേജിംഗ് ഡയറക്ടർ മി. പോൾ വടക്കുംതല? പാറേക്കാട്ടിൽ ആണ് ... ചെയ്യും.

രോഗകാരണം പറഞ്ഞ് തൊഴിലാളികളെ മുടങ്ങുന്നവരെന്ന് മുതലാളികളും ഇല്ലെന്ന് തൊഴിലാളികളും മൊഴികൊടുത്തു

ഇ. എസ്. ഐ. പദ്ധതിയുടെ തെളിവെടുപ്പ്

എറണാകുളം, ജനു. 19

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷനിലും പ്രവർത്തനത്തിലും നവീകരണം നിർദ്ദേശിക്കുന്നതിന് കേന്ദ്രസംസ്ഥാന ഗവർമെണ്ടുകളുടെയും തൊഴിലുടമകളുടെയും തൊഴിലാളികളുടെയും പ്രതിനിധികളടങ്ങിയ ത്രികക്ഷിക്കമ്മറ്റി സാക്ഷികളിൽനിന്ന് തെളിവു ശേഖരിക്കുകയുണ്ടായി.

ഡേഢ്യൂണിയനുകളും, തൊഴിലുടമകളുടെ സംഘടനകളും, ആയുർവ്വേദവൈദ്യന്മാർ, അലോപ്പതി ഡോക്ടർമാർ എന്നിവരും പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട മറ്റുള്ളവരും കമ്മറ്റിയുടെമുമ്പാകെ തെളിവുനൽകി.

രോഗകാരണംപറഞ്ഞ് തൊഴിലാളികളെ ജോലിക്ക ഹാജരാകാതിരിക്കുന്നതിൻറെ തോത് വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് തൊഴിലുടമകളിൽ വലിയൊരു ഭാഗം പരാതിപ്പെട്ടു. രോഗമാണെന്നതിന് സർട്ടിഫിക്കറ്റ് സമ്പാദിക്കാൻ അവിഹിതമായ സമ്മർദ്ദം ചെലുത്താറില്ലെന്ന് തൊഴിലാളിപ്രതിനിധികളും പ്രസ്താവിച്ചു. ഇങ്ങനെ തൊഴിലാളികൾ ജോലിക്ക ഹാജരാകാതിരിക്കുന്നതുകൊണ്ടുണ്ടാകുന്ന സാമ്പത്തിക നഷ്ടം വ്യവസായിക വികസനത്തിന്റെ സ്വാഭാവിക പരിണാമമാണെന്നാണ് അവരുടെ അഭിപ്രായം. രോഗങ്ങളും ചികിത്സിക്കാൻ തൊഴിലാളികൾക്ക് കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തുകയും വിശ്രമത്തിനും വിനോദത്തിനും കൂടുതൽ അവസരങ്ങളും നൽകുകയും ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാമെന്നും അവർ കരുതുന്നു.

ഇൻഷുർചെയ്ത തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും പൂർണ്ണമായതോതിലുള്ള ആരോഗ്യരക്ഷ ചികിത്സയും സൗജ്യമായി സ്റ്റാഫുകളുടെ ശ്രേഷ്ഠം കഴിയുന്നത്രയും നേരത്തേ ഏർപ്പാടുചെയ്യേണ്ടതിന്റെ ആവശ്യം സംബന്ധികൾ ഉന്നയിച്ചപ്രത്തെ. സംസ്ഥാനത്തും ധാരാളം ഡിസ്പെൻസറികളും ഗതാഗതവും സംബന്ധിച്ചുള്ള പ്രത്യേക വിഷമതകളിലേക്ക് ചിലർ കമ്മീഷന്റെ ശ്രദ്ധ ക്ഷണിച്ചു. ഡിസ്പെൻസികളിൽ താമസിക്കുന്ന തൊഴിലാളികൾക്ക് വൈദ്യസഹായം എത്തിച്ചുകൊടുക്കാൻ ഇതുമൂലം വിശേഷാൽ ഏർപ്പാടുകൾ ആവശ്യമാണ്. ചിലതരം രോഗങ്ങൾക്ക് ആയുർവ്വേദചികിത്സ ഏർപ്പെടുത്തണമെന്നും ഏതാനുംപേർ ആവശ്യപ്പെട്ടു.

ഇന്നത്തെ യോഗത്തിൽ സർവ്വശ്രീ ജി വി പുരണിക് ജി. രാമാനന്ദം, ബാഗാറാം ഇൽപുരേ, ജി വി ചിദ്നിസ്, ഏസ് കെ വാധ്വാൻ എന്നിവരംഗങ്ങളായ പാനൽ പങ്കെടുത്തു.

....

സംസ്കൃത പരിഷത്ത് കൺവെൻഷൻ

പ്രൊ. സാമുവൽ മത്തായി ഉൽഘാടനംചെയ്യും

എറണാകുളം, ജ. 19

സംസ്കൃത ഭാഷയുടെയും സാഹിത്യത്തിന്റെയും പുരോഗതിക്ക് പ്രയോജനം നൽകുന്നതിന് പഴുതുപറ്റമായ വിധം സംസ്കൃത പണ്ഡിതന്മാരുടെയും സംസ്കൃതപ്രേമികളുടെയും ഒരു അഖിലകേരള കൺവെൻഷൻ അഖിലകേരള സംസ്കൃത പരിഷത്തിന്റെ ആഭിമുഖ്യത്തിൽ 1965 ജനുവരി 24-ാംനു- ഞായറാഴ്ച എറണാകുളം പീറ്റർ റോഡിലുള്ള ഹിന്ദിപ്രചാരസഭാഹാളിൽവെച്ച് നടത്തുന്നതാണ്.

ചർച്ചാസമ്മേളനത്തിൽ പലപ്രമുഖ സാഹിത്യകാരന്മാരും പങ്കെടുക്കും. ഉച്ച തിരിഞ്ഞ ചേരുന്ന പൊതുസമ്മേളനം പ്രൊ സാമുവൽമത്തായി നിർവ്വഹിക്കും. വടക്കംകൂർരാജരാജവർമ്മരാജാ, ടി എൻ കൃഷ്ണൻ മുസതു, സുകുമാർ അഴിക്കോട് എ പി നമ്പ്യാർ എന്നിവർ പൊതുസമ്മേളനത്തിൽ പ്രസംഗിക്കും.

—

വിദ്യാർത്ഥി ഫെഡറേഷൻ രണ്ടായി

തിരുവനന്തപുരം, ജനുവരി 18

കമ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിളർന്നതിനെ തുടർന്ന് ഇപ്പോൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയായ കേരള വിദ്യാർത്ഥി ഫെഡറേഷനും രണ്ടായി പിളർന്നിരിക്കുന്നു.

ആൻറണി തോമസ്, ശ്രീമതിനിയമ്മ, എൻ. സി. മത്തായി, ഹബീബ്മുഹമ്മദ്, കണിയാപുരം രാമചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി വലതുപക്ഷ കമ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാർത്ഥി ഫെഡറേഷന് നേതൃത്വം വഹിക്കുന്നു. പ്രസിഡന്റ് എം. യൂസഫ്, എൻ. കൃഷ്ണൻനായർ, എം. ഇദ്രീസ്സൻ, പി. ജെ. ഗോപാലകൃഷ്ണൻ, പി. വി. രാഘവൻ മുതലായവരുൾപ്പെട്ട കമ്മിറ്റി ഇടതുപക്ഷ കമ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയുടെ നേതൃത്വം വഹിക്കുന്നു. ഇടതുപക്ഷക്കാരുടെ വിദ്യാർത്ഥി ഫെഡറേഷൻ സമ്മേളനം ഫെബ്രുവരി 13, 14 തീയതികളിൽ എറണാകുളത്തു വിളിച്ചുകൂട്ടാൻ നിശ്ചയിച്ചിട്ടുണ്ട്. ഇടതുപക്ഷക്കാർക്ക് ഭൂരിപക്ഷം പ്രാതിനിധ്യമില്ലെന്നും അവർ പ്രത്യേക സംഘടന രൂപീകരിച്ചതു ക്രമവിരുദ്ധമായിട്ടാണെന്നും വലതുപക്ഷക്കാർ ആക്ഷേപിക്കുന്നു. വലതുപക്ഷക്കാർ പണം ദുർവിനിയോഗം ചെയ്തുകയും ഭൂരിപക്ഷം നഷ്ടപ്പെടുമെന്നു കണ്ടപ്പോൾ കള്ളവോട്ടുകൾ ചേർത്തുവെന്നും ഇടതുപക്ഷക്കാർ തിരിച്ചടിക്കുന്നു.

—•—

NBS NEWS

ദേവിന്റെ "അയൽക്കാർ"

1000 പേർക്ക് പോസ്റ്റേജ് സൗജന്യം

കോട്ടയം, ജനു. 18

കേശവദേവിന്റെ അയൽക്കാർ എന്ന സുപ്രസിദ്ധ നോവലിന് നാഷണൽ അവാർഡ് ലഭിച്ചിരിക്കുന്നു.

ഇതു പ്രമാണിച്ച് 1000 പേർക്ക് പോസ്റ്റേജ് സൗജന്യമായി "അയൽക്കാർ" അയച്ചുകൊടുക്കുന്നതാണ്. ഇതു സൗജന്യം കിട്ടേണ്ടവർ പുസ്തകത്തിന്റെ വില അഞ്ചുരൂപാ മണിക്രമേറ്റായി നാഷനൽ ബുക്സ്റ്റാൾ, കോട്ടയം എന്ന വിലാസത്തിലയയ്ക്കുക. കൂപ്പണിൽ "അയൽക്കാർ - തപാൽ സൗജന്യം" എന്നെഴുതണം. രജിസ്റ്റർ ചെയ്യേയ്യുന്നതുകൊണ്ട് അതിനുള്ള 55 പൈസകൂടി ചേർത്ത് 5.55 അയച്ചിരിക്കേണ്ടതാണ്. ആദ്യം പണമയയ്ക്കുന്ന 1000 പേർക്ക് മാത്രമായിരിക്കും ഈ സൗജന്യം

ഒരു സുന്ദരിയുടെ ആത്മകഥയും കണ്ണാടിയും

ദേവിന്റെ മറ്റു രണ്ടു നോവലുകളുടെ എൻ. ബി. എസ്. പതിപ്പുകൾ ഈ മാസത്തിൽത്തന്നെ പുറത്തുവരും. (1) ഒരു സുന്ദരിയുടെ ആത്മകഥ 3.00. (2) കണ്ണാടി 2.50. ഈ രണ്ടു പുസ്തകങ്ങളുടെയും വില കഴിഞ്ഞ പതിപ്പിനെക്കാൾ കുറച്ചിട്ടുണ്ട്.

WANTED a fully qualified hand within prescribed age limits for appointment in P. V S High School, Parappukkara under the management of P V. Samithy, Parappukkara as H. S. A. (Social Studies) in maternity leave vacancy till the closing date of schools Retired qualified hands below 59 years may also apply. Apply within 10 days by registered post to the Manager with copies to the D. E. O. Irinjalakuda.

WANTED a fully qualified hand within the prescribed age limit for appointment as L P. Assistant in a leave vacancy from 11.1.65 to 26.3.65 inclusive in A. V. P. S. Mannampetta Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with copy to the A. E. O. Cherpu.

WANTED a fully qualified hand within prescribed age limit for appointment in St. Mary's G. H. S. Kuzhikkattussery as H S A. Maths, Physical Science, Natural Science or Social Study in a short training vacancy Retired qualified teachers below 59 may also apply Apply within ten days by registered post to the manager with a copy to the D. E. O. Itinjalakuda.

മാർക്കറ്റ്

(ജനുവരി 19 ചൊവ്വ)

	തൃശ്ശൂർ	ആലുപ്പുഴ	കോഴിക്കോട്
കൊളിച്ചെല്ല (കിഴിക്കിനു്)	318 00	310_00	314-25
" ഞാറ്റുവേല "	.... —	314_00	313_00
" തവിടു "	—....	298_00	299_25
കൊപ്ര പുകരാശി "	217_50	212_00	214_25
" ഭരിച്ചു "	.... —	217_00	.....
പിണ്ണാക്ക് "	60.00	60_50	61_00
ഉരുളൻ തേങ്ങ "	....	383_25	275-00
തേങ്ങാ (മടൽപ്പുറം)	....	380_00	310_90
കുരുമുളക് "	390 00	408 00	380_00
" വരവ് മേനി "	—	350_00	.....
" കറുത്തകൊൻ "	—	150_00	.....
ചുക്ക് "	350_00	400_00	420 00
മുളകു "	125_00	120_00	185_00
മഞ്ഞൾ "	—	.....	520_00
വെള്ളാവി ചുരം (20 കിലോ)	115-40	—.....	....
കിടിച്ചുരം "	140_50	.....	....
അടയ്ക്കോട്ടെത. [50കിലോ]	280_50	.....	.....
" ഗുരുൾ	400_25		.....
പുൽതൈലം	110_00	—.....	110_00
പച്ചരി	—		.....
പുഴുക്കലരി	—	.....	.....—
" (സി. ക.)	....	.....	.....
നുറുക്കരി	.....	.....	.....
കയർ അണ്ടത്തൊണ്ട് (കിഴിച്ച്)	.....	.....	....
" ഒതളൂർപുറം "	.....	115_00	.....
" ആറാട്ടുപുഴ "	.....	110_00	.....

റംസാൻ കൂടുതൽ പഞ്ചസാരനല്കുന്നു

കണ്ണൂർ, ജ. 18

റംസാൻ പ്രമാണിച്ച് മുഴുപട്ടിണിയും വൃക്കിലെ എല്ലാ മുസ്ലീംകാർഡുകാർക്കും സ്പെഷ്യലായി കാർഡ്ഒന്നിന് 10കിലോ പഞ്ചസാരയും 25 കിലോ അരിയും വിതരണംചെയ്യുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് എസ് എസ് പി പ്രവർത്തകർ ഇന്ന് മുഖ്യമന്ത്രിക്ക് കത്തയച്ചു. ഈ ആവശ്യം സർക്കാർ ഉടനടി പരിഗണിക്കുമെന്ന് അറിയുന്നു.

ആത്മഹത്യചെയ്തു

സുലേ ചേരമംഗലം, ജ. 18

സ്ഥലം വടക്കംപാറ്റുള്ള സ്വദേശിയായ മാക്കപ്പൊന്പിൽ എച്ചുക്കുട്ടിയുടെ മകൻ അനന്തൻ (30) തൂങ്ങിമരിച്ചനിലയിൽ കാണപ്പെട്ടിരിക്കുന്നു.

പ്രയത്ന യുവാവ് സ്ത്രീധനപ്രശ്നത്തിൽ പാസ്സായിട്ട് വർഷങ്ങൾ പലതുകഴിഞ്ഞെങ്കിലും ജോലിയൊന്നുമില്ലാതെ ജീവിതനൈരാശ്യത്തിൽ കഴിഞ്ഞുകൂടുകയായിരുന്നെന്നാണ് അറിയുന്നത്. മൃതദേഹം പോസ്റ്റ്മാർട്ടംനടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുത്തു.

—•—

വക്കേഴ്സ് യൂണിയൻ യോഗം മാറ്റിവെച്ചു

എറണാകുളം, ജ. 19

24_1_65 ഞായറാഴ്ച രാവിലെ 10 മണിക്ക് എറണാകുളം മാന്തിവിലാസിൽവച്ചു കൂടാൻ നിശ്ചയിച്ചിരുന്ന ഇലക്ട്രിസിറ്റിവർക്കേഴ്സ് യൂണിയൻ സംയുക്തയോഗം ചില പ്രത്യേകകാരണങ്ങളാൽ 25_1_65-നു് രാവിലെ 10 മണിക്ക് മാന്തിയിൽവച്ച് കൂടുന്നതാണെന്നു് ഭാരവാഹികൾ അറിയിച്ചിരിക്കുന്നു.

....

മർട്ടനപ്രതിഷേധയോഗം

എടത്വാ, ജനു. 18

ഇക്കഴിഞ്ഞ ജനുവരി ഒന്നാംതീയതി പച്ചവാർഡിലെ വടക്കേയറ്റുള്ള ശ്രീ വക്കിജോസഫിനെ എടത്വാ പോലീസ് ഇൻസ്പെക്ടറും പാർട്ടിയുംകൂടി പഞ്ചായത്തുപ്രസിഡണ്ടിൻറെ വീട്ടിൽവച്ച് അറസ്റ്റുചെയ്ത് സ്റ്റേഷനിൽകൊണ്ടുവന്ന് മൃഗീയമാംവിധം മർദ്ദിക്കുകയും, കൃത്രിമമായി കള്ളക്കേസുണ്ടാക്കുകയുംചെയ്ത ഹീനമായ സംഭവത്തെ പ്രതിഷേധിക്കാൻ എടത്വ കപ്പേളമൈതാനത്ത് നാട്ടുകാരുടെ ഒരു യോഗംചേരുകയുണ്ടായി. യോഗത്തിൽ വി എൻ ദാമോദരൻ, കെ പി ജോണികുട്ടി ആലപ്പുഴ, രാജശേഖരൻ ബി എ, ഏ എം മാമ്മൻ, ജോജിപ്പ ട്ടിസ്, സി. കെ. കോശി, ജോസഫ് പുന്നശ്ശേരി. എന്നിവർ പ്രസംഗിച്ചു. വക്കിസ് ജനിയിൽ അദ്ധ്യക്ഷത്വംവഹിച്ചു. യോഗം ഒരു പ്രതിഷേധപ്രമേയവും അംഗീകരിച്ചു.

പോലീസ്സ്റ്റേഷൻറെ തൊട്ടുമുൻപിൽനടന്നിരുന്ന ഈ യോഗം അലങ്കോലപ്പെടുത്താൻ ചിലർ മുതിർന്നതും പോലീസ് കണ്ണുരുട്ടി നിന്നതും, ഇയോഗംകലക്കികാൻപോലീസ് പിന്തുണയുണ്ടെന്നുള്ള ജനങ്ങളുടെ സംശയത്തെ ഒന്നുകൂടി ദൃഢീകരിക്കുകയുണ്ടായി.

—

വനവീരന്മാരുടെ വിമാനയാത്ര

(പി ടി ഐ) മദ്രാസ്, ജനു. 18

ലണ്ടനിൽനിന്ന് എയർ ഇന്ത്യാ വക "നന്ദാദേവി" എന്ന ബ്രിട്ടീഷ് വിമാനത്തിൽ, ഒരു കടുവയും പുള്ളിപ്പുലിയും, ഒരു ചീറ്റായും ഇന്നലെരാവിലെ ഇവിടെ വന്നെത്തിയിരിക്കുന്നു. എയർ കാർഗോ ആയി ബുക്ക് ചെയ്യപ്പെട്ട ഈ മൃഗവന്യമൃഗങ്ങളോടൊപ്പം സഞ്ചാരത്തിന് മൃഗശാലയിലെ ഒരു ജോലിക്കാരനും വന്നു ചേർന്നിട്ടുണ്ട്. മൈസൂരിൽവച്ച് ഒരു അമേരിക്കൻ പ്രൊഫസ്സർ പ്രിൻസിക്കുന്ന ഒരു വനചിത്രത്തിൽ അഭിനയിക്കുന്നതിനാണ് ഇവറ്റകളെ മൈസൂരിലേക്ക് കൊണ്ടുപോകുന്നത്.

—

ചർച്ചിലിന് മുമ്പ്

(റോയിട്ടർ) ലണ്ടൻ, ജ. 17

ചർച്ചിലിൻറെ ഭൗതികമായ ആരോഗ്യനിലയെപ്പറ്റി ഒടുവിലിറക്കിയ 65 കാരനായ ഒരാൾ സൂചിപ്പിച്ച മരണമടഞ്ഞിരിക്കുന്ന ലണ്ടൻകാരനാണിദ്ദേഹം.

—

23 പേർ കൊല്ലപ്പെട്ടു; 6500 പേർ ഭവനരഹിതരായി

റോയിട്ടർ ജകാർത്ത, ജ. 18

ജാവായുടെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ രണ്ടാഴ്ച ടീർഘിച്ചു വെള്ളപ്പൊക്കവും മണ്ണിടിച്ചിലുംനിമിത്തം 23 പേർ കൊല്ലപ്പെടുകയും 6500 പേർ ഭവനരഹിതരാകുകയുംചെയ്തതായി റിപ്പോർട്ട ചെയ്യപ്പെട്ടുന്നു.

—

കപ്പേള വെഞ്ചിരിപ്പ്

(സ്വ ലേ) പാലക്കാട്, ജനു 18

കാറിക്കാട് പള്ളിയിടവകയിൽ പുതിയതായി അമ്പ്സമുദായക്കാർ പണി തീർത്ത പുതിയ കപ്പേളയുടെ വെഞ്ചിരിപ്പുകർമ്മം കാറിക്കാട് പള്ളിവികാരി റവ. ഫാദർ ആൻറണി കിഴക്കേടൻ നിർവ്വഹിച്ചിരിക്കുന്നു.

—0—

വിദ്യാർത്ഥി ഫെഡറേഷനും നേതൃത്വം നൽകുമെന്ന് നിശ്ചയിച്ചിരിക്കുന്നു. ഇടതുപക്ഷക്കാരുടെ വിദ്യാർത്ഥി ഫെഡറേഷൻ സമ്മേളനം ഫെബ്രുവരി 13, 14 തീയതികളിൽ എറണാകുളത്തു വിളിച്ചുകൂട്ടാൻ നിശ്ചയിച്ചിട്ടുണ്ട്. ഇടതുപക്ഷക്കാർക്ക് ഭൂരിപക്ഷം പ്രാതിനിധ്യമില്ലെന്നും അവർ പ്രത്യേക സംഘടന രൂപീകരിച്ചതു ക്രമവിരുദ്ധമായിട്ടാണെന്നും വലതുപക്ഷക്കാർ ആക്ഷേപിക്കുന്നു. വലതുപക്ഷക്കാർ പണം ദുർവിനിയോഗം ചെയ്തുകയും ഭൂരിപക്ഷം നഷ്ടപ്പെടുമെന്നു കണ്ടപ്പോൾ കള്ളവോട്ടുകൾ ചേർത്തുവെന്നും ഇടതുപക്ഷക്കാർ തിരിച്ചടിക്കുന്നു.

—•—

ഉരഗപ്രദർശനത്തിലെ ഇന്ത്യൻ സ്ഥാനപതി

ന്യൂഡൽഹി, ജനു. 16

അർജൻറീനയിലേയും പരഗ്വേയിലേയും ഇന്ത്യൻസ്ഥാനപതിയായ ഇന്ദ്രസെൻ ചോപ്രയെ ഉരഗപ്രദർശനത്തിലെ സ്ഥാനപതിയായി നിയമിച്ചിരിക്കുന്നു. അദ്ദേഹത്തിൻറെ ആസ്ഥാനം ബ്യൂനോസ് ഐഴ്സ് ആയിരിക്കും.

—

പരശുരാമ കണ്ഡമേളം

ന്യൂഡൽഹി ജനു. 19

പരശുരാമ കണ്ഡംമേളക്കായി, നേഫയിലെ ലോഹിത് അതിർത്തി ഡിവിഷനിൽ ഇന്ത്യയുടെ നാനാഭാഗത്തുനിന്നുമുള്ള തീർത്ഥാടകർ വടനത്ത്കൊണ്ടിരിക്കുന്നു. അവരുടെ താമസത്തിനും സൗകര്യപ്രദമായിരിക്കുന്നതിനും വേണ്ടി ഏർപ്പാടുകൾ നിർവ്വഹിച്ചുവരുന്നു. ഈ മേളയിൽ പങ്കെടുക്കുന്നതിനായി ഇതുവരെ 1965 ജനുവരി 20 വരെ മേള തുടരും.

പ്രമകണ്ഡ് എന്നപേരിലും അറിയപ്പെടുന്ന പരശുരാമകണ്ഡ് ഒരു വലിയ ഹിന്ദുതീർത്ഥാടനകേന്ദ്രമാണ്. പരശുരാമൻ തൻറെ മഴുകൊണ്ട് മുന്നോട്ടി പർവ്വതത്തിനിടയിലൂടെ ഇവിടെ വഴിയുണ്ടായി എന്നാണ് ഐതിഹ്യം.

....

രാജകീയ സിംഹ ദമ്പതികൾ

പ്രിയതമൻ മരണമടഞ്ഞു

പി ടി ഐ രാജക്കോട്ട്, ജനു. 18

ഗാർഖനേഷ്യാ ഗ്രാമത്തിലെ ഒരു കിണറ്റിൽവീണ പരവശനായനിലയിൽ സംരക്ഷണ വനംവകുപ്പുകാർ രക്ഷപ്പെടുത്തി ജുനഗാഢ് കാട്ടിലെ ഇംഗ്ലീഷിലേത്തിച്ചിരുന്ന സിംഹദമ്പതികളിലെ ആൺ സിംഹം ഇന്നു ചത്തുപോയിരിക്കുന്നു.

ഏതാനും ദിവസങ്ങൾക്കുമുമ്പാണ് ഒരു കാട്ടിയ വീട്ടി പിൻപാഞ്ഞിരുന്ന ഈ സിംഹമിഥുനങ്ങളും പ്രണയംകൊണ്ടു കാട്ടിണറിൽപതിയുകയുണ്ടായി. പിന്നാലെ അതേകിണറിലേയ്ക്കു ചാടി ആപകടത്തിൽപ്പെട്ടത്. കൃത്രിമമായ കൊണ്ടുള്ളതാണ് ഇരുക്കിണറുകളുടെയും അടിഭാഗം. ഇരുക്കിണറുകളുടെയും അടിഭാഗത്തുവച്ച് ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

....

ജവാനെ ആക്രമിച്ചു

അങ്കമാലി, ജനു. 18

നേഫാ അതിർത്തിയിൽ സേവനമനുഷ്ഠിക്കവേ ലീവിനു് ഇവിടെയെത്തിയ ചൂതുകാറാറി സ്വദേശിയായ വേല എന്നൊരു ജവാനെ (എൻ സി. ക) രാമൻ, മാധവൻ എന്നീ രണ്ടുപേർ കൂടി കല്ലു് മുതലായ മാരകായുധങ്ങളുപയോഗിച്ച് പരിക്കേൽപ്പിച്ചു എന്നാരോപിച്ച് ഒരു പരാതി ഉയർന്നിരിക്കുന്നു. തൻറെ കയ്യിൽനിന്നും വസ്തു വാങ്ങിയ പണം തിരികെ ചോദിച്ചതിനാണത്രെ ഈ കയ്യേറ്റം. വേല അധികൃതസ്ഥാനങ്ങളിൽ പരാതി ബോധിപ്പിച്ചിട്ടുണ്ട്.

—

അഞ്ചുകമ്പനികൾക്ക് 7.76 കോടി ക. യുടെ മാഹരികം

ന്യൂഡൽഹി, ജനു 19

അഞ്ചുകമ്പനികൾക്ക് മൊത്തം 7.76 കോടി കയുടെ മാഹരികം പുറപ്പെടുവിക്കാൻ അനുമതി നൽകിയിരിക്കുന്നു. അശോക്ലെയ്ലാൻഡ്, മലിരശി (2.21 കോടി ക) ഗ്രാമഫോൺ കമ്പനി ഓഫ് ഇന്ത്യാ ഡെവലപ്മെൻറ് ലിമിറ്റഡ് (കൽക്കത്ത [44 65 ലക്ഷം ക] മദ്രാസ് റബ്ബർ കമ്പനി ലിമിറ്റഡ്, മദ്രാസ് [16 ലക്ഷം ക] ബോംബെ ഡയിങ്ങ് ആൻഡ് മാനുഫാക്ചറിങ്ങ് കമ്പനി ലിമിറ്റഡ്, ബോംബെ (250 ലക്ഷം ക) ഇൻസ്ട്രുമെൻറേഷൻ ലിമിറ്റഡ്, ജയ്പൂർ (1 കോടി ക) എന്നീ വയാണീകമ്പനികൾക്കുമാണ് അനുമതി നൽകിയിരിക്കുന്നത്.

—0—

ഇ. എം. എസ്സ്. എ. കെ. ജിയെ സന്ദർശിച്ചു

(സ്വ ലേ) തൃശ്ശൂർ ജനു. 19

രാജരക്ഷാ ചട്ടങ്ങൾ അനുസരിച്ച് അറസ്റ്റ് ചെയ്യപ്പെട്ട് വിയ്യൂർ ജയിലിൽ കഴിയുന്ന ഏ കെ ഗോപാലനെ ഇന്നുച്ചതിരിഞ്ഞ് ഇ എം എസ്സ് നമ്പൂതിരിപ്പാട് സന്ദർശിക്കുകയും തന്റെ ഞെഞ്ചെപ്പുകുഴപ്പങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

....

ജവാൻ ആത്മഹത്യചെയ്തു

അങ്കമാലി, ജനു. 18

നേഫാ അതിർത്തിയിൽ സേവനമനുഷ്ഠിക്കവേ ലീവിനു് ഇവിടെയെത്തിയ ചൂതുകാറാറി സ്വദേശിയായ വേല എന്നൊരു ജവാനെ (എൻ സി. ക) രാമൻ, മാധവൻ എന്നീ രണ്ടുപേർ കൂടി കല്ലു് മുതലായ മാരകായുധങ്ങളുപയോഗിച്ച് പരിക്കേൽപ്പിച്ചു എന്നാരോപിച്ച് ഒരു പരാതി ഉയർന്നിരിക്കുന്നു. തൻറെ കയ്യിൽനിന്നും വസ്തു വാങ്ങിയ പണം തിരികെ ചോദിച്ചതിനാണത്രെ ഈ കയ്യേറ്റം. വേല അധികൃതസ്ഥാനങ്ങളിൽ പരാതി ബോധിപ്പിച്ചിട്ടുണ്ട്.

—

ആലത്തൂരിൽ ബസ്സ്-മോട്ടോർസൈക്കിൾ സംഘട്ടനം

രണ്ടുപേർക്ക് പരിക്കുപറ്റി

(സ്വ ലേ) ആലത്തൂർ ജ: 19

ഇന്നലെ രാവിലെ കണ്ണമ്പ്രയിൽനിന്ന് പാലക്കാട്ടേയ്ക്ക് പോകുകയായിരുന്ന ടി ബി ടി ക്കാരുടെ ഒരു ബസ്സ് ഓട്ടപ്പാളിൽ പാലത്തിനടുത്തുവച്ച് എതിരെ വരികയായിരുന്ന ഒരു മോട്ടോർ സൈക്കിളിൽ യാത്രചെയ്യുകയായിരുന്ന ആലത്തൂർ ആസ്പത്രിയിലെ അസിസ്റ്റൻറ് സർജൻ ഡോ: രാജൻനായരേയും സഹോദരനേയും ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

—

550 രൂപ കിട്ടിയപ്പോൾ ഭാര്യ പോയ ദുഃഖം തീർന്നു

ഗോണ്ടിയ, (മഹാരാഷ്ട്ര) ജനു 19

ഇവിടെനിന്നും 10 മൈൽ ദൂരത്തുള്ള ഖടിഗ്രാമത്തിലെ ഒരു വ്യക്തി തൻറെ സഹധർമ്മിണിയെ 550 രൂപയ്ക്കു വിലക്കുവാങ്ങിയതായി റിപ്പോർട്ട്. ഭാര്യയുടെ കാമുകൻ തന്നെയാണ് ഈ വാങ്ങിയത്. ഇതിനുശേഷം ഭർത്താവിനെ ഉപേക്ഷിച്ചു പോയതിനുശേഷം ഭർത്താവിനെ ഉപേക്ഷിച്ചു പോയതിനുശേഷം പുതുഭർത്താവിനോടുകൂടി താമസിക്കുകയായിരുന്നു. അവളുടെ ആദ്യഭർത്താവ് നഷ്ടപരിഹാരമായി കുറച്ചു പണം വൽകണമെന്ന് സ്ത്രീയുടെ ഇപ്പോഴത്തെ ഭർത്താവിനോടാവശ്യപ്പെട്ടു. അയാളാകൊടുക്കാൻവിസമ്മതിച്ചതിനെതുടർന്നാണ് ഗ്രാമപഞ്ചായത്തിൽ പരാതിപ്പെടുകയും ഗ്രാമപഞ്ചായത്തു് പ്രസ്തുത സ്ത്രീയെ ലേലംവിളിക്കുകയുമാണുണ്ടായതു്.

—•—

ഹൈസ്കൂൾ വാർഷികം

എറണാകുളം, ജനു. 18

മഹാരാജാസ് എന്നപേരിൽ അറിയപ്പെടുന്ന പരശുരാമകണ്ഡ് ഒരു വലിയ ഹിന്ദുതീർത്ഥാടനകേന്ദ്രമാണ്. പരശുരാമൻ തൻറെ മഴുകൊണ്ട് മുന്നോട്ടി പർവ്വതത്തിനിടയിലൂടെ ഇവിടെ വഴിയുണ്ടായി എന്നാണ് ഐതിഹ്യം.

....

രാജകീയ സിംഹ ദമ്പതികൾ

പ്രിയതമൻ മരണമടഞ്ഞു

പി ടി ഐ രാജക്കോട്ട്, ജനു. 18

ഗാർഖനേഷ്യാ ഗ്രാമത്തിലെ ഒരു കിണറ്റിൽവീണ പരവശനായനിലയിൽ സംരക്ഷണ വനംവകുപ്പുകാർ രക്ഷപ്പെടുത്തി ജുനഗാഢ് കാട്ടിലെ ഇംഗ്ലീഷിലേത്തിച്ചിരുന്ന സിംഹദമ്പതികളിലെ ആൺ സിംഹം ഇന്നു ചത്തുപോയിരിക്കുന്നു.

ഏതാനും ദിവസങ്ങൾക്കുമുമ്പാണ് ഒരു കാട്ടിയ വീട്ടി പിൻപാഞ്ഞിരുന്ന ഈ സിംഹമിഥുനങ്ങളും പ്രണയംകൊണ്ടു കാട്ടിണറിൽപതിയുകയുണ്ടായി. പിന്നാലെ അതേകിണറിലേയ്ക്കു ചാടി ആപകടത്തിൽപ്പെട്ടത്. കൃത്രിമമായ കൊണ്ടുള്ളതാണ് ഇരുക്കിണറുകളുടെയും അടിഭാഗം. ഇരുക്കിണറുകളുടെയും അടിഭാഗത്തുവച്ച് ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

....

സ്റ്റീലിനു് 2 ലക്ഷം ടൺ

(പി ടി ഐ)

കൊളമ്പോ ജനു. 19

സിലോണിലെ കൊട്ടാരാറാറ് ജലവിദ്യുത്പദ്ധതിപ്രദേശങ്ങളിലെ ഉപയോഗത്തിനായി ഇന്ത്യാഗവർമ്മെണ്ട് രണ്ടു ലക്ഷം ടൺ നല്ലവൻ തീരുമാനിച്ചിരിക്കുന്നു.

കൊട്ടാരാറിൽ പെട്ട് അഴുകിയ വീടുകളുടെ മേയ്പ്പുര നശിക്കുകയുണ്ടായി

(പി ടി ഐ)

സക്കാർകഴുത

തൃശ്ശിനാപ്പള്ളി, ജനു: 18

ഏതു ഭാരവും വഹിക്കാൻ കഴിയുന്നതരം കഴുതയെപോലെയാണ് 144-ാം വകുപ്പുനു് രാജാജി ചുമത്തിക്കാണിച്ചിരിക്കുന്നതെന്നു് എസ്സ് നിരോധനാജ്ഞകളു്. 144-ാം വകുപ്പിലാണ് ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നതു് ജനുവരി 26 ഭരണഘടനദിനമായി ആഘോഷിക്കുവാൻ ഡി. എം. കെ. തീരുമാനിച്ചിട്ടുള്ളതിനെ നിരോധിക്കുവാൻ ഗവർമ്മെണ്ടു് ആലോചിച്ചുവരുന്നതായുള്ള വാർത്തകളുടെ പശ്ചാത്തലത്തിലാണു് ഈ പരാമർശിക്കുകയുണ്ടായതു്.

—•—

ഡൽഹിയിലെ നാടൻ നൃത്തോത്സവം

രാഷ്ട്രപതി ഉൽഘാടനംചെയ്തു

ന്യൂഡൽഹി ജനു. 19

ജനുവരി 27, 28 തീയ